# സ്പിരിച്ച്വൽ എഡിഫയർ

# SPIRITUAL EDIFIER

A Brethren News Bulletin for Spiritual Edification

Vol-1 No.3 May - June 2014





# Spiritual Edifier

## സ്പിരിച്ച്വൽ എഡിഫയർ

**A Brethren News Bulletin for Spiritual Edification**


*Editorial Board*

***Chief Editor***
Johnson V. - 09847732882

***Managing Editor***
Joshy Joseph - 09961643852

***Overseas Editor***
Boban T.G., Australia

***Asst. Editors***
Shibu Chacko - 9633475154
David P. Issac - 9633475154
Dr. Joshi Abraham- 9446914242



*Please send Articles to:*

Chief Editor
Johnson V., Mozhecheriyil Grace villa
Kattookkara, Thiruvalla - 689101
Kerala, India
johnsonvaliya@gmail.com

OR

Managing Editor
Joshi Joseph, Grace Bhavan
Puramattom P.O.,
Thiruvalla - 689543
joshikappimala@gmail.com


## താളുകൾ മറിക്കുമ്പോൾ........


എഡിറ്റോറിയൽ 3

ജീവപുസ്തകം 4
ജോഷി ജോസഫ്, മഞ്ഞാടി

നല്ല മനുഷ്യനായ ബർന്നബാസ് 5
കെ.വി.തോമസ്, പുന്നക്കുന്ന്

ക്രിസ്തു പ്രാദേശിക സഭയുടെ തലയോ ? 7
ഡോ.ജോഷി എബ്രഹാം, പുല്ലാട്

കർത്താവിൽ ഏകചിന്തയോടിരിപ്പിൻ 9
ഡേവിഡ് പി.ഐസക്ക് രാജ്കോട്ട്

Revealing Christ 11
V.M Abraham, Anjilithanam

Procrastination 12
Evg. Shibu Chacko,Thiruvalla

പ്രാർത്ഥന ക്രിസ്തു കാണിച്ച മാതൃക 14
റ്റി.ജി. ബോബൻ, ആസ്ട്രേലിയ

Our Lord Jesus said,
You are the light of the world 17
V.M. Thomas, Ernakulam

പുകയത്തു വച്ച തുരുത്തി 19

മനുഷ്യശരീരം 21


## MISSION THIRUVALLA 2014 !!!!!!!!!!!!!!!

THE CALL OF MISSIONS IS TO LOVE JESUS IN SUCH
A WAY THAT YOU DON'T NEED
A SPECIFIC PLACE OR EVENT TO WITNESS BUT THAT FROM
A HEART DESIRING TO SEE HUMANITY SAVED,
WE LIVE EVERY SINGLE MOMENT COMMITTED TO BEING WITNESSES
OF THE GOSPEL AND IT'S TRANSFORMING POWER.
LET'S EVANGELISE THIRUVALLA THIS TIME!


*Design & Layout : athulyaGraphics-9446191384*





# എഡിറ്റോറിയൽ

## 'ദൈവത്തെ ഭയമില്ലാത്തവർ മോദിയെ പേടിക്കണം'

*ഈ ദിവസങ്ങളിൽ സഭാവ്യത്യാസമെന്യേ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന പ്രധാന വിഷയമാണ് അടുത്ത പ്രധാനമന്ത്രി ആരാണ് എന്നത്. ശ്രീ. നരേന്ദ്രമോഡി പ്രധാനമന്ത്രിയായാൽ ക്രിസ്തുവിശ്വാസികൾക്കു എന്തോ സംഭവിക്കുമെന്ന തോന്നൽ പല വിശ്വാസികൾക്കുമുണ്ട്. ചില വസ്തുതകൾ ഇതേക്കുറിച്ചു മനസ്സിലാക്കുന്നത് നന്നായിരിക്കുന്നമെന്ന തിനാൽ ചില വരികൾ കുറിക്കട്ടെ.*

***ആരാണ് ക്രിസ്തു ഭക്തർ ?***

*ക്രൈസ്തവ സഭാ ചരിത്രം വായിച്ചാൽ എരിയുന്ന തീച്ചൂളയിലും, മിന്നുന്ന വാളിന്നു മുമ്പിലും, തിളച്ച എണ്ണപാത്രത്തിലും, കാട്ടുപോത്തിന്റെ തോൽ കൊണ്ടുണ്ടാക്കിയ സഞ്ചിയിൽ എരിയുന്ന വെയിലത്തും, വിശ്വാസത്തിനുവേണ്ടി ഭക്തരുടെ തലകൾ പന്തുരുളുന്നതുപോലെ കറങ്ങിപ്പോകുന്നതു കണ്ടിട്ടും, തെരുവുവിളക്കുകളായി രാത്രി വെളിച്ചത്തിനു ജീവനുള്ള പച്ചശരീരം തീ കൊളുത്തി പ്രകാശിപ്പിച്ചപ്പോഴും, തളരാതെ, തകരാതെ, വിശ്വാസം തള്ളിക്കളയാതെ ധീരതയോടെ ക്രിസ്തുവിശ്വാസം നിലനിർത്തിയവരാണ് ആദിമവിശ്വാസികൾ. ഇവരാരും ഭരണാധികാരികളെ ശപിച്ചില്ല. അവരുടെ ഭരണത്തിനു തടസ്സം നിന്നില്ല. അവർക്കു വിവേകം ഉണ്ടാകുവാൻ പ്രാർത്ഥിച്ചതുമാത്രം.*

***ആരാണ് പേടിക്കേ ത് ?***

*യിരമ്യാപ്രവാചകന്റെ ശബ്ദം ഇങ്ങനെ മുഴങ്ങുന്നു. വിസ്മയവും ഭയങ്കരവുമായതു ദേശത്ത് സംഭവിക്കുന്നു. പ്രവാചകന്മാർ വ്യാജമായി പ്രവചിക്കുന്നു. പുരോഹിതന്മാരും അവരോടു ഒരു കൈയ്യായി നിന്നു അധികാരം നടത്തുന്നു. എന്റെ ജനത്തിനു അതു ഇഷ്ടം തന്നെ. എന്നാൽ ഒടുക്കം നിങ്ങൾ എന്തുചെയ്യും ?*

*കർത്താവിന്റെ വകയായ സഭാബന്ധത്തിൽ നിന്നുകൊണ്ട് പലരും ചെയ്തുകൂട്ടുന്ന കാര്യങ്ങൾ സ്വയമെ ഒന്നു മനസ്സിരുത്തി ചിന്തിക്കുക. ഈ സ്ഥാപനത്തിൽ പരിശുദ്ധാത്മാവിനാൽ നിയോഗിക്കപ്പെട്ട ഉത്തരവാദിത്വമുള്ള മൂപ്പന്മാർ. ഉപദേഷ്ടാക്കന്മാർ, സുവിശേഷകന്മാർ കൂടാതെ കർത്താവു സഭയോടു ചേർത്തുകൊണ്ടിരിക്കുന്ന വിശ്വാസികളുമുണ്ട്.*

*ദൈവത്തിന്റെ മഹത്വവും, ദൈവം ഒരുക്കിയ രക്ഷണ്യപ്രവർത്തിയുടെ മഹത്വവും ലോകം അറിയുവാനുമുള്ള ദൈവത്തിന്റെ സ്ഥാപനമാണ് സഭ. ചർച്ച് എന്ന വാക്കിനു കർത്താവിന്റെ വക (belongs to christ) എന്നാണ്. സഭ ഒരു സംഘടനയല്ല. (church is not an organisation but its an organism) സഭ ആത്മീകകുടുംബമാണ്. (Spiritual family) സത്യത്തിന്റെ തൂണും അടിസ്ഥാനവുമാണ് സഭ. (Pillar and ground of the truth )*

*ദൈവം ഏല്പിച്ച ശുശ്രൂഷ ചെയ്യേണ്ടുന്ന മൂപ്പന്മാർ സഭാപരിപാലനത്തിലും (ഭരണത്തിലും) പവിത്രത കാണിക്കുന്നില്ലെങ്കിൽ ഭയപ്പെടണം. ഇന്നു സഭയുടെ ഉത്തരവാദിത്വം നിറവേറ്റുന്നതിനേക്കാൾ മനുഷ്യർ സ്വന്തഇഷ്ടത്തിനു തല്ലികൂട്ടിയ സ്ഥാപനത്തിന്റെ ഔദ്യോഗിക നിർവ്വഹണത്തിനാണ് പലർക്കും താല്പര്യം. ഉപദേഷ്ടാക്കന്മാർ. ജനങ്ങളുടെ ഇഷ്ടത്തിനു പ്രസംഗിക്കുകയും, പഠിപ്പിക്കുകയും ചെയ്യുന്നു. സുവാർത്ത ദൂതികളായ സുവിശേഷകന്മാർ സ്ഥലം സഭയുടെ ആത്മിക ഉന്നമനത്തിനും, ആത്മാക്കളെ നേടേണ്ടതിന്നു പ്രവർത്തിയ്ക്കുകയും ചെയ്യേണ്ടതിന്നു പകരം സംഘടനകളെ ഉയർത്തുവാൻ പാടുപെടുന്നു. വിശ്വാസികൾ ദൈവവചനത്തിനും, ദൈവം സഭയിൽ നിയമിച്ചാക്കിയ മൂപ്പന്മാർക്കു വിധേയപ്പെട്ടു. ജീവിതത്തെ ക്രമീകരിച്ചുപോകേണ്ടതിനു പകരം സ്വന്തം വിവേകത്തിൽ ഊന്നി പ്രവർത്തിച്ചാൽ ഭയപ്പെടേണം.*

*സംഘടിതമായി ഒരുമിച്ചു നിന്നു ആത്മീയപ്രവർത്തനങ്ങളും, മറ്റുള്ളവരെ സഹായിക്കുകയും, കരുതുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതിന്നുപകരം സംഘടനാബലം കാണിക്കുന്ന പ്രവർത്തി ചെയ്യുന്നവർ ഭയപ്പെടേണം. മറ്റുള്ള വിശ്വാസികളുടെ മേൽനിയന്ത്രണം കൊണ്ടുവരുന്നതിനു സംഘടനകൾ ശ്രമിക്കുന്നതു വളരെ ഗുരുതരമായ അവസ്ഥ സൃഷ്ടിക്കുന്നു. ഇതിന്റെ പരിണതഫലമെന്താണ് ? വിശ്വാസികളിൽ വമ്പു പറയുന്നവർ , ഏഷണിക്കാർ, ദൂഷകർ, നന്ദികെട്ടവർ, സൽഗുണദ്വേഷികൾ, ധാർഷ്ട്യക്കാർ, നിഗളികൾ, ഭക്തിയുടെ വേഷം ധരിക്കുന്നവർ, ഉഗ്രന്മാർ തുടങ്ങിയവർ വർദ്ധിച്ചു വരുന്നു.*

***ആരെ പേടിക്കണം ?***

*നമ്മുടെ ചലനങ്ങൾ മനസ്സിലാക്കി അഗ്നിജ്വാലക്കൊത്ത കണ്ണുമായി, കാൽ ഉലയിൽ ചുട്ടുപഴുപ്പിച്ച വെള്ളോട്ടിന്നു സദൃശ്യമായി, ശബ്ദം പെരുവെള്ളത്തിന്റെ ഇരച്ചലെന്നപോലെയുമുള്ള മനുഷ്യപുത്രൻ നിന്നെ ശ്രദ്ധിക്കുന്നു.*

*വെറും പൊടിയായി മൺപുരകളിൽ പാർത്ത് പുഴുപോലെ ചതഞ്ഞരഞ്ഞുപോകുന്ന മനുഷ്യനെ നീ എന്തിനു ഭയപ്പെടേണം ? ഭയപ്പെടേണ്ടവനെ ഭയപ്പെട്ടു ജീവിതത്തെ ക്രമീകരിക്കുവാൻ സ്വർഗ്ഗത്തിലെ ദൈവം നമ്മെ സഹായിക്കട്ടെ.* ■





# ജീവപുസ്തകം

ജോഷി ജോസഫ്, മഞ്ഞാടി



തിരുവെഴുത്തിലെ പ്രധാനപ്പെട്ട വിഷയങ്ങളിൽ ഒന്നാണ് ജീവപുസ്തകം എന്നത്. ഈ വിഷയത്തെ സംബന്ധിച്ച് ദൈവമക്കളുടെ ഇടയിൽ ആശയകുഴപ്പങ്ങൾ ഉണ്ടായിട്ടുണ്ട്. എന്താണ് ജീവപുസ്തകം എന്നതും ഇതിൽ പേര് എഴുതിയിരിക്കുന്നത് ആരുടെയാണ് എന്നതും പേരുമായിച്ചു കളയുന്നത് ആരുടെയാണ് എന്നതിനെ സംബന്ധിച്ചുള്ള ശരിയായ അവബോധം വിശ്വാസികളിൽ ഉണ്ടായിരിക്കുന്നത് നല്ലതാണ്.

ജീവപുസ്തകത്തിലെ പേര് മായിച്ചു കളയുന്നത് എപ്പോഴാണ് എന്ന് അറിയണം എങ്കിൽ എപ്പോഴാണ് ഈ പുസ്തകത്തിൽ ഒരാളുടെ പേര് എഴുതുന്നത് എന്ന് അറിഞ്ഞിരിക്കുന്നത് നല്ലതായിരിക്കും. എന്താണ് ജീവപുസ്തകം ? ഭൂമിയിൽ ജനിച്ച് ജീവിക്കുന്നവരുടെ പേരുകൾ രേഖപ്പെടുത്തുന്ന സ്വർഗ്ഗത്തിലെ പുസ്തകത്തിന്റെ പേരാണ് ജീവപുസ്തകം (Book of the Living ) (വെളി.20:15) സ്വർഗ്ഗത്തിൽ ഒന്നിലധികം പുസ്തകങ്ങളെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. സത്യഗ്രന്ഥം (ദാനി.10:21), ഉഴൽചകളെയും കണ്ണുനീരുകളെയും സംബന്ധിച്ചുള്ള പുസ്തകം. (സങ്കീ.139:16), അനാദി സ്മരണപുസ്തകം (സങ്കീ.139:16) ഇങ്ങനെ സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്ന അനേക പുസ്തകങ്ങളിലെ ഒരു പുസ്തകമാണ് ജീവപുസ്തകം (വെളി.3:5) . ഈ പുസ്തകത്തിന്റെ പേരു പറഞ്ഞ് രക്ഷ നഷ്ടപ്പെട്ടുപോകും എന്ന് പഠിപ്പിക്കുന്നവർ ക്രൈസ്തവ ലോകത്ത് ധാരാളമുണ്ട്. എന്നാൽ ജീവപുസ്തകം എന്നത് എന്താണ് എന്ന് വ്യക്തമായി അറിയാത്തവരാണ് ഇങ്ങനെ പഠിപ്പിക്കുന്നത് (പുറ.32:32 – 35) വരെയുള്ള ഭാഗത്ത് എങ്കിലും നീ അവരുടെ പാപം ക്ഷമിക്കേണമേ അല്ലെങ്കിൽ നീ എഴുതിയ നിന്റെ പുസ്തകത്തിൽ നിന്നും എന്റെ പേർ മായിച്ചു കളയണമേ എന്ന് മോശെ പ്രാർത്ഥിക്കുന്നുണ്ട്. ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ ഒരു വിശ്വാസി പാപം ചെയ്താൽ ഉടനെ ജീവപുസ്തകത്തിൽ നിന്നും പേർ മായിച്ചുകളയും എന്ന അർത്ഥമല്ല അവിടെയുള്ളത്. പാപം ചെയ്യുമ്പോൾ പേര് മായിക്കുവാനും പിന്നീട് മാനസാന്തരപ്പെടുമ്പോൾ പേര് എഴുതുവാനും പെൻസിലും റബ്ബറുമായി ഇരിക്കുന്നവനല്ല നമ്മുടെ ദൈവം. ജീവപുസ്തകം എന്നതുകൊണ്ട് തിരുവെഴുത്ത് അർത്ഥമാക്കുന്നത് ജീവിച്ചിരിക്കുന്നവരുടെ പേര് രേഖപ്പെടുത്തുന്ന പുസ്തകം തന്നെയാണ്. ഈ പുസ്തകത്തിൽ വിശ്വാസികൾ മാത്രമല്ല അവിശ്വാസികളുടെയും പേരുകൾ എഴുതും. ലോകത്തിൽ ജനിച്ചവരുടെ പേരുകൾ മുഴുവൻ ജീവപുസ്തകത്തിൽ എഴുതിയിരിക്കും. ഹിന്ദുവെന്നോ, മുസ്ലീം എന്നോ കറുത്തവൻ എന്നോ വെളുത്തവൻ എന്നോ വ്യത്യാസം ഇല്ലാതെ ഇഹത്തിൽ ജനിച്ചവനാണ് എങ്കിൽ ആ വ്യക്തിയുടെ പേര് ജീവപുസ്തകത്തിൽ ദൈവം എഴുതിയിരിക്കും. എന്നാൽ ഒരു കാര്യം ശ്രദ്ധിക്കണം. എഴുതുക മാത്രമല്ല മായിക്കുകയും ചെയ്യും. ഭൂമിയിൽ ജീവിച്ച് രക്ഷിക്കപ്പെടാതെ ഒരു വ്യക്തി മരിക്കാനിടയായാൽ ആ വ്യക്തിയുടെ പേര് ജീവപുസ്തകത്തിൽ നിന്നും മായിച്ചു കളയുകയും ചെയ്യും.

തിരുവെഴുത്തു പരിശോധിച്ചാൽ ഏറ്റവും വലിയ പാപം ദൈവപുത്രനെ അംഗീകരിക്കാതെ മരിക്കുന്നതാണ്. ദൈവം മനുഷ്യനെ ന്യായം വിധിച്ച് നരകത്തിൽ തള്ളുന്നതിന്റെ അടിസ്ഥാനകാരണം പാപത്തിൽ ജനിച്ച വ്യക്തി തന്റെ രക്ഷക്കായി ദൈവം ഒരുക്കിയ രക്ഷകനെ അംഗീകരിക്കാതെ ഇരിക്കുന്നതത്രെ. "ന്യായവിധി എന്നതോ വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യരുടെ പ്രവൃത്തി ദോഷം ഉള്ളത് ആകയാൽ അവർ വെളിച്ചത്തെക്കാൾ ഇരുളിനെ സ്നേഹിച്ചതു തന്നെ" (യോഹ.3:18 – 19).

പാപത്തിൽ ജനിച്ച് രക്ഷയ്ക്കായി ദൈവം ഒരുക്കിയ രക്ഷാമാർഗ്ഗമായ ക്രിസ്തുവിനെ അംഗീകരിക്കാതെ ഒരു വ്യക്തി മരിക്കുമ്പോൾ ആ വ്യക്തി ഏത് കുലത്തിൽപ്പെട്ടവനാണെങ്കിലും ദൈവപുത്രനെ അംഗീകരിച്ചില്ല എന്ന വലിയ പാപം ചെയ്തതിനാൽ പേര് ജീവപുസ്തകത്തിൽ നിന്നും മാറ്റപ്പെടും. ഒരു വ്യക്തിയുടെ പേര് ജീവപുസ്തകത്തിൽ നിന്നും ഒരിക്കൽ മാറ്റിയാൽ വീണ്ടും എഴുതുക സാധ്യമല്ല. ഈ നിലയിൽ ഭൂമിയിൽ ജീവിക്കുന്നവരുടെ പേരുകൾ രേഖപ്പെടുത്തുന്ന പുസ്തകമാണ് ജീവപുസ്തകം. ഒരു വ്യക്തി രക്ഷിക്കപ്പെടുന്ന സമയത്താണ് ജീവപുസ്തകത്തിൽ പേര് എഴുതുന്നത് എന്ന ഒരു അബദ്ധ അറിവ് നമ്മളിൽ പലരിലുമുണ്ട്. എന്നാൽ ഒരു വ്യക്തി പാപത്തിൽ ജനിച്ച് ജീവിക്കവേ ദൈവം ഒരുക്കിയ രക്ഷാമാർഗ്ഗം സ്വീകരിക്കുമ്പോൾ ആ വ്യക്തിയുടെ പേര് ജീവപുസ്തകത്തിൽ സ്ഥിരമാകുന്നു എന്നതാണ് സത്യം. വീണ്ടും ജനനത്തോടുകൂടി ജീവപുസ്തകത്തിൽ പേര് സ്ഥിരമാകുന്നത് എത്ര ഭാഗ്യകരമായ കാര്യമാണ്. ഇങ്ങനെ സ്ഥിരമായ പേര് ആരാലും മായിച്ചുകളയുക അസാദ്ധ്യമാണ്. പുറപ്പാട് പുസ്കത്തിൽ മോശെ ഉദ്ദേശിച്ചത് ജീവനുള്ളവരുടെ കൂട്ടത്തിൽ നിന്നും എന്നെ മാറ്റണമേ എന്നതാണ് അഥവാ എന്റെ ജീവൻ എടുക്കണമേ എന്നാണ് അർത്ഥം.

ദൈവപുത്രനെ അംഗീകരിക്കാതെ മരിക്കുന്നവരുടെ പേരുകൾ ജീവപുസ്തകത്തിൽ നിന്നും മായിച്ചു കളഞ്ഞാൽ നിത്യതയിൽ പുസ്തകം തുറക്കുമ്പോൾ വീണ്ടും ജനനം പ്രാപിച്ചവരുടെ പേരുകൾ മാത്രം ശേഷിക്കും. രക്ഷിക്കപ്പെടുന്നവരെ കർത്താവ് സഭയോടു ചേർക്കും. ഇങ്ങനെ സഭയിൽ രക്ഷിക്കപ്പെട്ടവർ മാത്രം ഉള്ളതുപോലെ, ജീവപുസ്തകത്തിൽ രക്ഷിക്കപ്പെട്ടവരുടെ പേരുകൾ മാത്രം അവശേഷിക്കും. വീണ്ടും ജനനം പ്രാപിക്കുന്നതോടുകൂടി ഒരാളുടെ പേര് ജീവപുസ്തകത്തിൽ എഴുതുകയല്ല ചെയ്യുന്നത് ജീവപുസ്തകത്തിലെ പേര് മാറാതെ സ്ഥിരം ആകുകയാണ് ചെയ്യുന്നത്. ജീവപുസ്തകത്തിൽ പേരുള്ള ദൈവജനമേ നമുക്ക് ദൈവത്തിന് പ്രസാദകരമായ വേലകൾ ചെയ്ത് അവനെ പ്രസാദിപ്പിക്കാം. ■

# നല്ല മനുഷ്യനായ ബർന്നബാസ്



കെ. വി. തോമസ്, പുന്നക്കുന്ന്

ആദിമനൂറ്റാണ്ടിലെ ശക്തനായ ക്രൈസ്തവ തേരാളിയായിരുന്നു ബർന്നബാസ്. ബർന്നബാസിനെ ഇന്നത്തെ ക്രിസ്തീയ തേരാളികളുമായി താരതമ്യപ്പെടുത്തുക പ്രയാസമാണ്. അപ്പോസ്തല പ്രവൃത്തികളിലെ ബർന്നബാസിനെക്കുറിച്ചുള്ള പരാമർശങ്ങൾ ബർന്നബാസിന്റെ സ്വഭാവത്തെ വ്യക്തമാക്കുന്നവയാണ്. അതിൽ തന്നെക്കുറിച്ച് ദൈവത്തിന്റെ ആത്മാവ് രേഖപ്പെടുത്തിയിരിക്കുന്ന മനോഹരമായ ഒരു സാക്ഷ്യമാണ് നല്ല മനുഷ്യൻ എന്നുള്ളത്. നല്ല പേര് സുഗന്ധ തൈലത്തെക്കാളും ഉത്തമം എന്ന് സഭാപ്രസംഗി 7:1 ൽ വായിക്കുന്നു. ഇതിന് തികച്ചും അർഹൻ ബർന്നബാസ് തന്നെ. പരിശുദ്ധാത്മാവിനാലും വിശ്വാസത്താലും നിറഞ്ഞ നല്ല മനുഷ്യൻ എന്നാണ് പി.ഒ.സി. ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പഴയനിയമഭക്തന്മാരുടെയും പുതിയ നിയമ ഭക്തന്മാരുടെയും സ്വഭാവങ്ങൾ നാം പഠിച്ചാൽ അവർ നല്ല മനുഷ്യരെന്ന് വിശേഷിപ്പിക്കാവുന്നതാണ്. എന്നാൽ നല്ല മനുഷ്യൻ എന്ന നേരിട്ടുള്ള പദപ്രയോഗം ബർന്നബാസിനെക്കുറിച്ച് മാത്രമാണ് എന്ന് കരുതുന്നു. ദൈവമുമ്പാകെയും മനുഷ്യ മുമ്പാകെയും നിർമ്മല മനസാക്ഷിയിൽ ജീവിക്കുന്നവരെയും മറ്റുള്ളവരുടെ നന്മ ആഗ്രഹിക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്യുന്നവർക്കാണ് ഈ പേര് നൽകുന്നത്. എല്ലാവരും വഴി തെറ്റി ഒരുപോലെ കൊള്ളരുതാത്തവരായി തീർന്നിരിക്കുന്ന ഈ ലോകത്തിൽ നല്ല മനുഷ്യൻ എന്ന സാക്ഷ്യം ലഭിക്കുന്നത് ഒരു ഭാഗ്യാവസ്ഥയാണ്. നല്ലവനായ ദൈവത്തിലുള്ള അടിയുറച്ച വിശ്വാസവും ദൈവത്തിന്റെ ആത്മാവിനാലുള്ള നിറവും മൂലം ബർന്നബാസ് നല്ല മനുഷ്യനായിത്തീർന്നു (പ്രവൃ.11:24) അതുമാത്രവുമല്ല ബർന്നബാസിനെ ഒരു നല്ല മനുഷ്യനാക്കി മാറ്റുന്നതിൽ പിന്നിൽ പ്രവർത്തിച്ച ഒരു നല്ല സഭയുടെ ആത്മിക പശ്ചാത്തലവുമുണ്ട്. ആ നല്ല സഭയേതാണ് യെരുശലേം സഭയുടെ പ്രത്യേകത എന്തായിരുന്നു?

1. ഒരു മനസ്സുള്ളവരായിരുന്നു. പ്രവൃ 2:4,4:24.
2. പ്രാർത്ഥിക്കുന്ന സഭയായിരുന്നു പ്രവൃ.4:30,31.
3. കരുതുന്ന സഭയായിരുന്നു പ്രവൃ.4:34.
4. ദൈവകൃപ ധാരാളം അനുഭവിച്ച സഭയായിരുന്നു. പ്രവൃ.4:33.
5. പ്രതികൂലങ്ങളെ അതിജീവിച്ച സഭയായിരുന്നു. പ്രവൃ.4:27 - 30

ഇങ്ങനെയുള്ള നല്ല സഭയുടെ ഉൽപ്പന്നമാണ് ബർന്നബാസ് എന്ന നല്ല മനുഷ്യൻ. അപ്പൊസ്തല പ്രവൃത്തിയിൽ ബർന്നബാസിന്റെ ചില നല്ല ഗുണങ്ങൾ ചുരുക്കമായി വിവരിക്കുന്നു.

**1. തന്റെ വേലയ്ക്ക് തടസ്സമായ നിലം വിറ്റു അപ്പൊസ്തലന്മാരുടെ കാൽക്കൽ വെച്ച് സമർപ്പണമുള്ളവൻ (പ്രവൃ. 4:37).**

ഫലഭൂയിഷ്ഠമായ കുപ്രൊസ്ദ്വീപിൽ തനിക്കുണ്ടായിരുന്ന ഭൂസ്വത്ത് വിറ്റ് ദൈവസഭയുടെ ആവശ്യങ്ങൾക്കുവേണ്ടി മുഴുവനും ചിലവാക്കിയ സമർപ്പണമുള്ളവനാണ് യോസേഫ് എന്ന ബർന്നബാസിനെ നാം ആദ്യം ബൈബിളിൽ കാണുന്നത്. യെരുശലേം സഭയിലെ സാമ്പത്തിക ഞെരുക്കം താൻ മനസ്സിലാക്കി. പൂർണ്ണ സമയം കർത്തൃവേലയ്ക്കിറങ്ങുവാനുള്ള ആത്മപ്രേരണയും തന്നെ ഭരിച്ചുകൊണ്ടിരുന്നു. എന്നാൽ ദ്വീപിലെ എസ്റ്റേറ്റിൽ തന്റെ സാന്നിദ്ധ്യം എപ്പോഴും ആവശ്യമാണുതാനും. തടസ്സമായി നിൽക്കുന്ന എസ്റ്റേറ്റ് വിൽക്കുവാൻ താൻ തീരുമാനിച്ചു. ഒരു പൈസ പോലും സ്വന്തമായി എടുക്കാതെ മുഴുവനും യെരുശലേമിൽ അപ്പൊസ്തലന്മാരുടെ കാൽക്കൽ കൊണ്ടുവന്നു. സുവിശേഷകന്മാർ എസ്റ്റേറ്റ് വാങ്ങുവാൻ ഓടിനടക്കുന്ന ഈ കാലത്ത് ബർന്നബാസിന്റെ സുവിശേഷദർശനത്തെക്കുറിച്ച് ഒന്നു ചിന്തിച്ചിരുന്നെങ്കിൽ !

**2. പൗലോസിനെ വളർത്തിയെടുക്കുന്നതിൽ മനസ്സ് കാണിച്ചു (വിശാല ഹൃദയമുള്ളവൻ പ്രവൃ. 9:27)**

ദമസ്ക്കോസിന്റെ വാതിക്കൽ ദൈവപുത്രനെ കണ്ടുമുട്ടിയ തർസ്സോസുകാരനായ ശൗൽ അറേബ്യമരുഭൂമിയിലെ ഏകാന്തധ്യാനത്തിന് ശേഷം യെരുശലേമിലേക്ക് മടങ്ങിവന്നു. മൂന്നു വർഷം മുമ്പ് ബാലസിംഹത്തെപ്പോലെ അധികാരത്തോടെ യെരുശലേമിൽ നിന്നും ക്രിസ്ത്യാനികളെ ഉപദ്രവിക്കാൻ പോയവൻ രൂപാന്തരം പ്രാപിച്ച് കുഞ്ഞാടിനെപ്പോലെ അപ്പൊസ്തലന്മാരുമായി പരിചയപ്പെടുവാൻ വന്നിരിക്കുകയാണ്. വിശ്വാസികളെല്ലാം സംശയദൃഷ്ടിയോടെ ശൗലിനെ നോക്കി.





ആരും സ്തോത്രം പറഞ്ഞുകൈകൊടുക്കുന്നു പോലുമില്ല. ഓരോരുത്തരും ഒഴിഞ്ഞുമാറുവാൻ ശ്രമിച്ചു. വളരെ പ്രതീക്ഷയോടെ ക്രിസ്തുവിൽ സഹവിശ്വാസികളെ കാണുവാൻ വന്നെങ്കിലും അവരുടെ നിസ്സഹകരണത്തിൽ ശൗൽ വിഷണ്ണനായി നിന്നു. എന്നാലതാ ! പെട്ടെന്ന് ബർന്നബാസ് കയറി വന്ന് ശൗലിനെ കെട്ടിപ്പിടിച്ച് ക്രിസ്തുവിൽ സ്നേഹചുംബനം പകർന്നു സ്വീകരിച്ചു. അപ്പൊസ്തലന്മാരുടെ അടുക്കൽകൊണ്ടുപോയി മാനസാന്തരവൃത്താന്തം വിശദമായി അറിയിച്ച് ശൗലിനെ അംഗീകരിപ്പിച്ചു. ആശ്വാസത്തിന്റെ പുത്രനായി ബർന്നബാസ് പ്രവർത്തിച്ചില്ലായിരുന്നു എങ്കിൽ ശൗൽ നിരാശനായിപ്പോകുമായിരുന്നു. പുതിയ വിശ്വാസികളെ ധൈര്യപ്പെടുത്തുകയും ഉത്സാഹിപ്പിക്കുകയും വേലയിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന ബർന്നബാസുമാർ ഇന്നെത്രയോ കുറവ്.

**3. പ്രോത്സാഹിപ്പിക്കുന്നവൻ (പ്രവൃ. 11:25)**

അന്ത്യോക്യയിലെ വലിയ സഭയിൽ താൻ മാത്രം പോരാ ശൗൽ കൂടെ ഉണ്ടെങ്കിൽ പ്രയോജനമായിരിക്കും എന്നു കരുതി നേരെ തർസ്സൊസ്സിൽ ശൗലിനെ കണ്ടെത്തി. അന്ത്യോക്യയിലേക്ക് കൊണ്ടുവന്നു ശുശ്രൂഷയ്ക്ക് പ്രയോജനപ്പെടുത്തി. 'ഞാൻ കഴിഞ്ഞാൽ പ്രളയം' മറ്റാരും തലപ്പൊക്കുവാൻ സമ്മതിക്കാതെ മാനവും മഹത്വവും എനിക്ക് മാത്രം എന്ന രീതിയിൽ ഇടപെടുന്നു ഇന്നത്തെ അനേക നേതാക്കന്മാർക്കിടയിൽ ബർന്നബാസിന്റെ ആത്മാവുള്ളവർ എഴുന്നേറ്റിരുന്നെങ്കിൽ എത്ര പൗലോസുമാർ മുന്നോട്ടു വരുമായിരുന്നു.

**4. സഹവിശ്വാസികളുടെ നന്മയിൽ സന്തോഷിച്ചവൻ (പ്രവൃ. 11:22 – 24).**

അന്ത്യോക്യയിലുള്ള വിശ്വാസികൾ അനുഭവിക്കുന്ന ദൈവകൃപ കണ്ടു അസൂയപ്പെട്ടു എന്നല്ല സന്തോഷിച്ചു എന്നു നാം വായിക്കുന്നു. മറ്റുള്ളവർ നന്മ അനുഭവിക്കുന്നതു കണ്ടാൽ വ്യാകുലപ്പെടുന്ന പ്രകൃതിക്കാരാണ് ചിലർ. സഹവിശ്വാസികൾ അനുഭവിക്കുന്ന ദൈവകൃപയിൽ സന്തോഷിക്കുന്നതാണ് സൽസ്വഭാവം.

**5. സഹകരണമനോഭാവം (പ്രവൃ. 9:26,27)**

സഹവിശ്വാസികളോടും ദൈവദാസന്മാരോടും സഹകരിക്കുന്ന ഒരു വിശാല ഹൃദയം ബർന്നബാസിനുണ്ടായിരുന്നു.

**6. പണമിടപാടിൽ വിശ്വസ്തൻ**

ബർന്നബാസ് നല്ലവൻ മാത്രമല്ല നല്ലവനും വിശ്വസ്തനുമായ ദാസൻ ആയിരുന്നു (പ്രവൃ.11:29,30).

**7. നിയോഗം ലഭിച്ചവൻ (പ്രവൃ. 13:1 – 3)**

ഒരു വലിയ ശുശ്രൂഷയ്ക്കായ് നിയോഗം ലഭിക്കുകയും ആത്മാവിന്റെ നടത്തിപ്പനുസരിച്ച് സുവിശേഷവുമായി പോവുകയും ചെയ്തു. വലിയ ശുശ്രൂഷകൾക്ക് ദൈവം ബർന്നബാസിനെ തിരഞ്ഞെടുത്തു.

**8. ദൈവമഹത്വം കവർന്നെടുത്തില്ല (പ്രവൃ. 14:8 – 18)**

ലുസ്ത്രയിൽ ഉണ്ടായ അത്ഭുതരോഗശാന്തിയെ തുടർന്നു ലുസ്രയിലെ പൊതുജനങ്ങൾ പൗലോസിനെയും ബർന്നബാസിനെയും ആരാധിക്കുവാൻ തുടങ്ങി. ഇന്ദ്രൻ എന്നും ബുധൻ എന്നും അവർക്ക് പേരിട്ടു. ദൈവമഹത്വം കവർന്നെടുക്കുവാൻ അവർ ആഗ്രഹിച്ചില്ല. അതു വലിയ പാപമാകുന്നു.

**9. ദുരുപദേശങ്ങളെ ശക്തിയുക്തം എതിർത്തവൻ (പ്രവൃ. 15:1,2)**

അറിഞ്ഞ സത്യത്തിന് വേണ്ടി ശക്തിയോടുകൂടി വാദിക്കുവാൻ ഈ നല്ല മനുഷ്യൻ മനസ്സുവച്ചു.

**10. മറ്റാർക്കും ഭാരമാകാതെ ജീവിക്കുവാൻ ആഗ്രഹിച്ചവൻ (1 കൊരി. 9. 6).**

**11. കൈത്താങ്ങൽ കൊടുത്തവൻ (പ്രവൃ. 15:36).**

കർത്തൃവേലയിൽ നിന്നും ചില നാളത്തേക്ക് പിൻമാറിപ്പോയെങ്കിലും വീണ്ടും താൽപര്യം കാണിച്ച മർക്കൊസിനെ വേലയ്ക്കു കൊണ്ടുപോകുവാൻ ബർന്നബാസ് താൽപര്യപ്പെട്ടു. ഒരിക്കൽ തിരസ്ക്കരിച്ച് പൗലോസിന് ഉറ്റ സഹായിയായി മർക്കോസ് തീർന്നു. കാരണം ബർന്നബാസിന്റെ കൈതാങ്ങലാണ്. കരുതുകയും സ്നേഹിക്കുകയും കൈത്താങ്ങൽ കൊടുക്കുകയും ആശ്വസിപ്പിക്കുകയും തിരഞ്ഞു കണ്ടെത്തുകയും ചെയ്യുന്ന ഈ നേതാവിനെ നല്ല മനുഷ്യൻ എന്നല്ലാതെ എന്താണ് പറയുക. മേൽപ്പറഞ്ഞ നേതൃത്വഗുണമില്ലാതെ കുറെ നേതാക്കന്മാരെകൊണ്ട് രക്ഷയില്ലാതെ തളർന്നുപോയവർ എത്ര. ബർന്നബാസിന് ഉണ്ടായിരുന്ന സവിശേഷതകൾ നമുക്ക് ഏറ്റവും അനുകരണീയമായ മാതൃകയാണ്. ■

***Jesus he's the one he's the one who help's everybody (2)***
***so we should thank him Glory to the Lord(3)***
***Jesus he's the one he's the one who forgive our sins (2)***
***so we should thank him glory to the Lord (3)*** ■



***Beatrice Shaji***
***(TMM Chapel Brethren Assembly)***

# ക്രിസ്തു പ്രാദേശിക സഭയുടെ തലയോ ?



ഡോ: ജോഷി എബ്രഹാം, പുല്ലാട്

പുതിയ നിയമം വെളിപ്പെടുത്തിയിരിക്കുന്നതും നാം മനസ്സിലാക്കിയിരിക്കുന്നതുമായ സഭാസത്യങ്ങളിൽ വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് പ്രാദേശിക സഭ. സാർവ്വത്രിക സഭ എന്നീ സഭയുടെ രണ്ടു വ്യത്യസ്ത ദൃശ്യങ്ങൾ. സാർവ്വത്രീക സഭ എന്നാൽ പെന്തക്കോസ്തുനാൾ മുതൽ കർത്താവിന്റെ രണ്ടാം വരവുവരെ ക്രിസ്തുവിൽ വിശ്വസിച്ച സ്വർത്തിലും ഭൂമിയിലും ഉള്ള സകലരും അടങ്ങുന്നതാണ്. പ്രാദേശിക സഭ എന്നാൽ വ്യത്യസ്ത സ്ഥലങ്ങളിൽ ഓരോ വിശ്വാസിയും അംഗമായി തുടരുന്നതും കൂട്ടായ്മാബന്ധം പുലർത്തിവരുന്നതും ദൈവത്താൽ നിയമിതരായ മൂപ്പന്മാരാൽ ഭരിക്കപ്പെടുന്നതുമായ കൂടിവരവുകളാണ്.

സാർവ്വത്രിക സഭയുടെയും പ്രാദേശിക സഭയുടെയും പ്രവർത്തനരീതികൾ ബൈബിൾ വ്യക്തമാക്കുന്നത് നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഇന്ന് സാർവ്വത്രിക സഭ അദൃശ്യവും പ്രാദേശികസഭ ദൃശ്യവുമാണ്. ഉൽപ്രാപണത്തോടെ ഇന്ന് ദൃശ്യമായി തുടരുന്ന പ്രാദേശിക സഭ മാറ്റപ്പെടുകയും സാർവ്വത്രിക സഭ ദൃശ്യമാവുകയും ചെയ്യും.

ക്രിസ്തു സഭയുടെ തല എന്നു വ്യക്തമാക്കുന്ന വേദഭാഗങ്ങളെല്ലാം സാർവ്വത്രീകസഭയെക്കുറിച്ചുള്ളതാണ്. (കൊലൊ.1:18; എഫെ. 1:22-23). എന്നു ചിലർ കരുതുകയും പ്രാദേശിക സഭാനേതൃത്വത്തെ പുശ്ചത്തോടെ കാണുകയും ചെയ്യുന്നു. ഈ വാദവും പ്രാദേശിക സഭാനേതൃത്വത്തെ അവഗണിക്കുന്ന മനോഭാവവും വളരെ ഗൗരവത്തോടെ കാണേണ്ട ഒന്നാണ്. പ്രാദേശിക സഭ ക്രിസ്തുവിന്റെ കർത്തൃത്വം അംഗീകരിക്കുകയും അവ പ്രസ്തുത സഭയിൽ പ്രാവർത്തികമാക്കുകയും വേണം എന്ന ലക്ഷ്യം മാത്രമാണ് ക്രിസ്തു സഭയുടെ തല എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

ക്രിസ്തു തലയായിരിക്കുന്നത് പ്രാദേശിക സഭയ്ക്ക് അല്ല സാർവ്വത്രീക സഭയ്ക്കാണെന്നു കരുതുന്നവർ ചുവടെ വിവരിക്കുന്ന വസ്തുതകൾ എപ്രകാരമായിരിക്കും ഉൾക്കൊള്ളുക ?

1. കർത്താവ് തന്റെ ശിഷ്യന്മാർക്ക് നൽകിയ വലിയ നിയോഗത്തിൽ ശിഷ്യരാക്കുക എന്നതാണ് കല്പന. ശിഷ്യന്മാർ ഈ കല്പന പ്രാവർത്തികമാക്കിയത് പ്രാദേശിക സഭയുടെ പശ്ചാത്തലത്തിൽ മാത്രമായിരുന്നു. ശിഷ്യരാക്കേണ്ട രീതിയിൽ അതിപ്രധാനമായ ഒന്ന് ഉപദേശിക്കുക എന്നതാണ് (മത്താ.28:19-20). സഭാമൂപ്പന്മാർക്ക് നിർബന്ധമായും ഉണ്ടായിരിക്കേണ്ട യോഗ്യതകളിൽ ഒന്നാണ് ഉപദേശിപ്പാൻ സമർത്ഥനായിരിക്കണം എന്നത് (2 തിമൊ.2:1-2). അങ്ങനെയെങ്കിൽ ഓരോ പ്രാദേശിക സഭാമൂപ്പന്മാരുടെയും ഉത്തരവാദിത്വമാണ് തങ്ങളുടെ ആടുകളെ ശിക്ഷിച്ചുവളർത്തുക എന്നത്. ഗുരുവിന് അഥവാ പ്രാദേശിക സഭാനേതൃത്വത്തിന് കീഴ്പ്പെടാത്തവൻ ശിഷ്യനല്ല. ശിഷ്യനല്ലാത്തവൻ ക്രിസ്തുവെന്ന തലയോളം വളരുവാൻ ദൈവം വിഭാവന ചെയ്ത ഭരണക്രമീകരണത്തെ മറുതലിച്ച് ജീവിക്കുന്നവനാണ്. ഓരോ പ്രാദേശികസഭയിലും കർത്താവ് തന്റെ ശിഷ്യന്മാർക്ക് നൽകിയ വലിയ നിയോഗം നിവർത്തിക്കേണ്ടത് അതാത് സഭാമൂപ്പന്മാരാണെങ്കിൽ ക്രിസ്തു പ്രാദേശിക സഭയ്ക്കു തലയല്ല എന്നു എപ്രകാരം പറയുവാൻ സാധിക്കും.

2. ദൈവത്തിന്റെ പരിശുദ്ധാത്മാവാണ് തന്റെ ദാസന്മാരാൽകൂടി മൂപ്പന്മാരുടെ നിയമനം നടത്തുന്നത് (അ.പ്ര.20:28; 2 തിമൊ.2:1-2; തീത്തോ. 1:5). ത്രീയേകത്വം എന്ന ഉപദേശം നാം കണക്കിലെടുക്കുമ്പോൾ മൂപ്പന്മാരുടെ നിയമനത്തിൽ ക്രിസ്തുവിന് ഒരു പങ്കുമില്ല എന്നു പറയുവാൻ ആർക്കാണ് കഴിയുക. പ്രാദേശിക സഭയുടെ തല ക്രിസ്തുവല്ല എന്നു വാദിക്കുന്നവർ ക്രിസ്തുവിന്റെ കർത്തൃത്വത്തെ നിഷേധിക്കുന്നവരാണ്.

3. സഭാ ശിക്ഷാനടപടിക്രമം പ്രാവർത്തികമാക്കേണ്ടത് പ്രാദേശിക സഭാമൂപ്പന്മാരാണ്. സഭയ്ക്കു കീഴ്പ്പെടാത്തവനെ അഥവാ അനുതാപ ഹൃദയമില്ലാത്തവന്റെ മേൽ നടപ്പാക്കുന്ന തീരുമാനം. സഭാമൂപ്പന്മാരിൽ കൂടി നിർവ്വഹിക്കുന്നത് ക്രിസ്തുവാണ്."....ഈ ദുഷ്കർമ്മം ചെയ്തവനെക്കുറിച്ച്; നിങ്ങളും എന്റെ ആത്മാവും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ശക്തിയോടെ ഒന്നിച്ചുകൂടിയിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ അവനെ....ജഡസംഹാരത്തിനായി സാത്താനു ഏല്പിക്കേണം എന്നു വിധിച്ചിരിക്കുന്നു" (1 കൊരി.5:3-5). ഈ വസ്തുതയുടെ വെളിച്ചത്തിൽ ക്രിസ്തു പ്രാദേശിക സഭയുടെ തലയല്ല എന്ന വാദം എത്ര ഗുരുതരമായിരിക്കുന്ന ഒന്നാണ്.

4. എഫെ.4 ലിൽ ആത്മീകവരങ്ങളുടെ വിനിയോഗത്താൽ സഭയാകുന്ന ക്രിസ്തുവിന്റെ ശരീരത്തിന് പോഷണമുണ്ടാകുന്നുവെന്നും (12,13,16) ഈ പോഷണത്താൽ ക്രിസ്തു





വെന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകുന്നതുമാണ് (15) (1 കൊരി.12:27). ആത്മീക വരങ്ങൾ പ്രാദേശികസഭയിൽ വിനിയോഗിച്ച ചരിത്രമാണ് പുതിയ നിയമ സഭയ്ക്കുള്ളത്. അതുകൊണ്ട് ക്രിസ്തു സാർവ്വത്രീക സഭയ്ക്ക് തലയായിരിക്കുന്നതുപോലെ പ്രാദേശി സഭയ്ക്കും തലയാണ്.

എഫെ 4 ലെ വരങ്ങൾ പ്രാദേശിക സഭയ്ക്കല്ല സാർവ്വത്രീക സഭയ്ക്കാണ് നൽകപ്പെട്ടിരിക്കുന്നതെന്ന ചിന്താഗതി ഇവിടെ വ്യക്തമാക്കിയ വാദത്തെ ഖണ്ഡിക്കുവാൻ ഉപയോഗിക്കുന്നവരുണ്ട്. അങ്ങനെയുള്ളവരോട് ഒരു ചോദ്യം. എഫെ 4 ൽ വ്യക്തമാക്കിയിരിക്കുന്നതും ഇന്നു നിലവിലുള്ളതുമായ ഏതുവരമാണ് ബൈബിൾ രേഖപ്രകാരം പ്രാദേശികസഭയുടെ പശ്ചാത്തലത്തിന് പുറത്ത് വിനിയോഗിച്ചിരിക്കുന്നത്. അപ്പൊസ്തലൻ, പ്രവാചകൻ എന്നീ വരങ്ങളുടെ വിനിയോഗത്താൽ നമുക്കു ലഭ്യമായ തിരുവെഴുത്തുകൾ എല്ലാംതന്നെ ഓരോ പ്രാദേശികസഭയ്ക്കാണ് സംബോധന ചെയ്തിരിക്കുന്നത്.

ക്രിസ്തു തലയായിരിക്കുന്നത് പ്രാദേശിക സഭയ്ക്കല്ല സാർവ്വത്രീക സഭയ്ക്കാണ് എന്ന ചിന്താഗതിയുടെ ഉൽഭവം സംഘടനയാണ് സഭയെക്കാൾ വലുതെന്നു കരുതുന്നവരിൽ നിന്നാണ്. മാത്രവുമല്ല സംഘടനാനേതൃസ്ഥാനം വഹിച്ചുകൊണ്ട് തങ്ങൾ അംഗമായിതുടരുന്ന പ്രാദേശിക സഭാനേതൃത്വത്തിന് കീഴ്പ്പെടാതെയും സഭയ്ക്കെതിരായി പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് മാത്രമേ ഇപ്രകാരമുള്ള ദുരുപദേശങ്ങൾ പ്രചരിപ്പിക്കുവാൻ സാധിക്കുകയുള്ളു. ഇങ്ങനെയുള്ളവർ പിടിച്ചടക്കിവെച്ചിരിക്കുന്ന സംഘടനാ നേതൃസ്ഥാനങ്ങളിലെ സ്ഥാനമാനങ്ങൾ വഹിച്ചുകൊണ്ടു നടത്തുന്ന പ്രവർത്തനങ്ങൾ ദൈവസഭയ്ക്ക് ദോഷം വരുത്തുകയേയുള്ളു. അതുകൊണ്ട് ഇങ്ങനെയുള്ളവരെ പ്രാദേശികൾ തിരിച്ചറിയുകയും പ്രസ്തുത സ്ഥാനത്തുനിന്നും അവരെ നിർബന്ധമായും പുറത്താക്കേണ്ടതുമാണ്. പ്രിയരെ, ദൈവത്താൽ നിയമിതരായ (ബൈബിൾ നിഷ്കർഷിക്കുന്ന കൃപാവരങ്ങളോടെ സഭാപരിപാലനം ചെയ്തുവരുന്ന പ്രാദേശിക സഭാനേതൃത്വത്തിനെതിരെ മൽസരിക്കുകയും അവർക്കു കീഴ്പ്പെടാതിരിക്കുകയും ചെയ്യുന്നത് നന്നല്ല എന്ന മുന്നറിയിപ്പാണ് എബ്രായ ലേഖനകർത്താവ് നൽകുന്നത് (എബ്രാ.13:17).

പ്രിയരേ, ക്രിസ്തു തലയായിരിക്കുന്നത് പ്രാദേശിക സഭയ്ക്കല്ല സാർവ്വത്രീക സഭയ്ക്കാണ് എന്ന പഠിപ്പിക്കൽ വളരെ ഗൗരവത്തോടെ കാണേണ്ടതും, ഈ ചിന്താഗതി വെച്ചു പുലർത്തുന്നവരെ ദൈവവചനം അനുശാസിക്കുന്ന ശിക്ഷാ നടപടികൾക്ക് വിധേയമാക്കുകയും ചെയ്യേണ്ടതാണ്. എന്നിട്ടും സഭയ്ക്കു കീഴ്പ്പെടാതെ മറുതലിച്ചു നിൽക്കുന്നവരെ ജഡ സംഹാരത്തിനായി സാത്താനു ഏൽപ്പിക്കേണ്ട വിധത്തിൽ ഗൗരവമർഹിക്കുന്ന ഒന്നുമാണ്.

പ്രാദേശിക സഭയുടെ തല ക്രിസ്തു അല്ല എന്ന ചിന്താഗതി ഉള്ളിൽ വെച്ചു പുലർത്തുകയും, പരോക്ഷമായിട്ടെങ്കിലും പ്രകടമാക്കുകയും ചെയ്യുന്നവർ, പിശാചിനാൽ വശീകരിക്കപ്പെട്ട്, വേർപാടുകാരെ സത്യഉപദേശത്തിൽ നിന്നു വഴിതെറ്റിക്കുന്നവരാണ്. ദൈവം ഏറ്റവും വിലമതിക്കുന്ന തന്റെ സഭയുടെ നാശത്തിനായി സംഘടനാ നേതൃസ്ഥാനങ്ങളിരുന്ന സഭയ്ക്കെതിരായി പ്രവർത്തിക്കുന്ന ഇങ്ങനെയുള്ളവർക്ക് ദൈവം നൽകുന്ന ശിക്ഷ വളരെ ഗൗരവമർഹിക്കുന്ന ഒന്നായിരിക്കും എന്നതിന് രണ്ടുപക്ഷമില്ല. ■

# Instead of me......

**Sheeba Stanley**
**Bangalore**

As Abraham climbed the mountain with Issac,
I was reminded of my Jesus climbing Golgotha.

When faith led Abraham to sacrifice his son,
It was love that my heavenly Father had on me instead.

As Abraham placed wood for offering on his son,
My Father placed a cross on Jesus, along with all my sins.

When Abraham prepared an altar for sacrifice,
You oh Lord prepared place in heaven for me.

As Abraham streched forth his hand to slay Issac,
Lord You turned Your face from Your only begotten's cry.

When You oh God called out to Abraham to stop,
Your son cried out My God My God why have You forsaken me.

And finally when Abraham sacrificed a lamb instead of his son,
My Father, You sacrificed Your Son instead of me ! ■

# കർത്താവിൽ ഏകചിന്തയോടിരിപ്പിൻ



ഡേവിഡ് പി. ഐസക്ക് രാജ്കോട്ട്

ധീരനും പ്രേക്ഷിതാചാര്യനുമായ പൗലോസ് അപൊസ്തലന്റെ കരുത്തുറ്റ കരാംഗുലികളാൽ കമനീയമായി രചിക്കപ്പെടുവാൻ പരിശുദ്ധാത്മാവ് ഇടയാക്കിയ കാരാഗ്യഹ ലേഖനങ്ങളിൽ പ്രസിദ്ധവും, ഹൃദ്യവുമാണ് ഫിലിപ്പ്യലേഖനം. തന്റെ രണ്ടാമത്തെ സുവിശേഷ യാത്രയിൽ യൂറോപ്പിലേക്കുള്ള പ്രവേശനകവാടവും റോമൻ സംസ്ക്കാരവും, ആധിപത്യം നേടിയ റോമൻ കോളനിയായിരുന്നു ഫിലിപ്പ്യ. താൻ തല്ലും, തടവും സഹിച്ചു ക്രിസ്തീയ സഭയ്ക്ക് ജന്മം നൽകിയ അപ്പോസ്തല പ്രവൃത്തി 16-ാം അദ്ധ്യായം പഠിക്കുമ്പോൾ മനസ്സിലാക്കാം. പൗലോസിന്റെയും കാരാഗൃഹ വാസക്കാലത്ത് നാല് ലേഖനങ്ങൾ എഴുതുവാൻ കർത്താവ് സഹായിച്ചു. അതിൽ താൻ അനുഭവിച്ച 3 തടവുകളെക്കുറിച്ചും രേഖപ്പെടുത്തിയിരിക്കുന്നു. അപ്പ. 16:33 - 39, റോമയിൽ 2 വർഷം 28:17 - 30, കൂടാതെ പലവട്ടം തടവു അനുഭവിച്ചിട്ടുണ്ട്. 2 കൊരി. 11:3, കൊലൊസ്സ്യ, എഫെസ്യ, ഫിലിപ്പ്യ, ഫിലോമോൻ മുതലായ ലേഖനങ്ങൾ അപ്പോസ്തലൻ ബന്ധനജീവിതത്തിന്റെ മദ്ധ്യത്തിൽ എഴുതിയത്രെ. വിശുദ്ധവേദപുസ്തകത്തിലെ അൻപതാമത്തെ പുസ്തകം, നാല് അദ്ധ്യായങ്ങൾ, 104 വാക്യങ്ങൾ എന്നിവ നമുക്ക് ഫിലിപ്പ്യ ലേഖനത്തിൽ നിന്നും ഗ്രഹിക്കാം.

ഈ ലേഖനം എഴുതുവാനുള്ള കാരണം തന്റെ കാരാഗൃഹ ജീവിതത്തെക്കുറിച്ചുള്ള അവരുടെ മനോവേദനയ്ക്ക് കുറവു വരുത്തുവാൻ വേണ്ടി ഒന്നും, രണ്ടും അദ്ധ്യായത്തിൽ (1:30,2:24), ക്രിസ്തുവിലുള്ള അതിവിശുദ്ധ വിശ്വാസത്തിൽ വിശ്വാസിക്കു ഉറച്ചുനിൽക്കുക, പ്രവർത്തിക്കുക, വിശുദ്ധന്മാരുടെ ഇടയിൽ അനൈക്യം നിർമ്മാർജ്ജനം ചെയ്യുക, തികച്ചും ഐക്യതയിലും, താഴ്മയിലും ജീവിക്കുക, ഒത്തൊരുമയോടെ സുവിശേഷത്തിനുവേണ്ടി പോരാടുക എന്നീ ലക്ഷ്യങ്ങൾ തന്റെ മനോമുഖരത്തിൽ കണ്ടുകൊണ്ടാണ് ഈ ലേഖനം എഴുതുന്നത്.

പ്രീയരും, വാഞ്ചിതരുമായ സഹോദരങ്ങൾക്കായിട്ടാണ് താൻ ലേഖനം എഴുതുന്നത്. ആ കൂട്ടത്തിൽ സുവിശേഷപ്രവർത്തനത്തിൽ സഹകാരികളായ രണ്ട് സഹോദരിമാർക്കും പ്രബോധനം നൽകുന്നു. എന്തിനാണ് പ്രബോധിപ്പിക്കേണ്ടിവന്നത്. ഒരിക്കൽ സുവിശേഷ വ്യാപ്തിക്കായി തോളോടുതോൾ ചേർന്ന് അത്യദ്ധ്വാനം ചെയ്ത ഈ സഹോദരിമാർ, നിസ്സാരകാര്യത്തിനു രണ്ടു തട്ടിലായിരിക്കുന്നു. അത് പരിഹരിച്ചു പരസ്പരം ഏകമനസ്സുള്ളവരായി തീരേണമെന്ന് പൗലോസ് പ്രബോധിപ്പിക്കുന്നു. പരസ്പരം പോരാടി സമയം പാഴാക്കിയാൽ വിജയം ശത്രുവിനായിരിക്കും. ആത്മാക്കളുടെ രക്ഷയായിരിക്കണം സുവിശേഷകരുടെ ജീവിതത്തിന്റെ മുൻഗണന. എന്നാൽ രണ്ടു സുവിശേഷപ്രവർത്തകർ കാലക്രമത്തിൽ കടമ മറന്നു പരസ്പരം പോരാടി, പോർക്കളത്തിൽ നിൽക്കുമ്പോൾ അതിനെതിരായി, ശക്തമായി പ്രതികരിക്കുന്നത് ഫിലിപ്പ്യ നാലാം അദ്ധ്യായത്തിൽ കാണാം. നമ്മുടെ ശ്രദ്ധ പഴയ നിയമസംഭവങ്ങളിലേക്കു തിരിക്കുമെങ്കിൽ, ചില യാഥാർത്ഥ്യങ്ങളെ മനസ്സിലാക്കി, അത് ജീവിതത്തിൽ പകർത്താൻ സാധിക്കും. ഇസ്രായേൽ ദീർഘനാളുകളിൽ പ്രവാസത്തിലായിരുന്നു. എന്നാൽ ദൈവം അവരെ വിടുവിച്ചു. തങ്ങളുടെ ദേശത്തേക്കു മടക്കികൊണ്ടുവരുന്നതിനു ചില തലയെടുപ്പുള്ള നേതാക്കന്മാരെ സമയാസമയങ്ങളിൽ ദൈവം എഴുന്നേൽപ്പിച്ചു.

ഒന്നാമതായി സെരുബോബേൽ - ദേവാലയ പണിക്കു നേതൃത്വം, ഹഗ്ഗായി സെഖ്യര്യാവ് പ്രവാചകശുശ്രൂഷയ്ക്ക് , നെഹമ്യാവ്- മതിൽ പണിക്കു നേതൃത്വം, എസ്രാ ജനത്തിനു ന്യായപ്രമാണം പകർന്നു കൊടുത്തു. യോശുവാ മഹാപുരോഹിത ശുശ്രൂഷ ദൈവത്തിൽ നിന്നും ഏറ്റെടുത്തു. ഇവരാരും അന്യോന്യം പോരു നടത്തിയില്ല, അങ്കം വെട്ടിയില്ല, പിടിവലി നടത്തിയില്ല, അന്യോന്യം ദുഷിച്ചില്ല, ഒരുവൻ മറ്റൊരുവന്റെ നന്മ മുടക്കിയില്ല. ദൈവം തങ്ങളെ ഏൽപ്പിച്ച ശുശ്രൂഷ വിശ്വസ്തതയോടു കൂടി നടത്തി. ഇന്നു സുവിശേഷ പ്രവർത്തനത്തിൽ ആയിരിക്കുന്നവർക്കു ശ്രദ്ധിക്കേണ്ടതും, ഉൾക്കൊള്ളാത്തതുമായ മാതൃകകളത്രെ മുകളിൽ ചേർത്തിരിക്കുന്നത്.

കേരളത്തിന്റെ വടക്കൻ ഭാഗങ്ങളിലേക്ക്, മദ്ധ്യതിരുവിതാംകൂർ ഭാഗത്ത് നിന്നും ധാരാളം പ്രിയപ്പെട്ടവർ കുടിയേറി പാർത്തു. തങ്ങൾ വനം വെട്ടി തെളിച്ചു കൃഷി നടത്തുന്നതിനെക്കുറിച്ചു കേട്ടിട്ടുണ്ട്. കൃഷികൾ ഇറക്കി, അവയെ വന്യമൃഗങ്ങളായ ആന, പന്നി മുതലായവയുടെ നാശത്തിൽ നിന്നും കൃഷിയെ രക്ഷിക്കുവാൻ, കർഷകർ ചെയ്ത് വരുന്നത് പടക്കം പൊട്ടിച്ച് ഓടിക്കുക, പാട്ട അടിച്ച് ശബ്ദം ഉണ്ടാക്കുക, പട്ടിയെ വിട്ട് ഓടിക്കുക, മുതലായ രീതികൾ ആണ് ചെയ്ത് വന്നിരുന്നത്.

ഒരിക്കൽ ഒരു കർഷകന്റെ കൃഷി ആന നശിപ്പിക്കുവാൻ തുടങ്ങി. താൻ പടക്കം എറിഞ്ഞും, പാട്ട കൊട്ടിയും,





ആനയെ ഓടിക്കുവാൻ ശ്രമിച്ചു. പക്ഷേ ആന മാറിയില്ല. അവസാനമായി താൻ തീറ്റി കൊടുത്തു വളർത്തികൊണ്ടുവന്ന രണ്ടു നായ്ക്കളെ അഴിച്ചുവിട്ടു. അവ കുരച്ചുകൊണ്ട് ആനയെ അതിർത്തി കടത്തിവിട്ടു മടങ്ങിവന്നു. എന്നാൽ മടങ്ങിവരവിൽ ഈ നായ്ക്കൾ അന്യോന്യം എന്തൊക്കെയോ പുലമ്പി, ഇഷ്ടക്കേടു ഉണ്ടാക്കി. കടിപിടികൂടി നന്നായി തളിർത്തുവന്ന കൃഷിഫലങ്ങൾ മുഴുവനും നശിപ്പിച്ചു. ശബ്ദം കേട്ട് ഓടി എത്തിയ കർഷകൻ കണ്ട കാഴ്ച തന്നെ വളരെ വേദനപ്പിക്കുന്നതായിരുന്നു. നഷ്ടം വന്നതാകട്ടെ മുതൽ മുടക്കിയവന്, എന്നിട്ട് താൻ ഇങ്ങനെ പ്രതിവചിച്ചു. ഇതിനെക്കാൾ ഭേദം ആന ഇറങ്ങി നശിപ്പിച്ചാൽ മതിയായിരുന്നു, എങ്കിൽ ഇത്രയും നഷ്ടം ഉണ്ടാകുമായിരുന്നില്ല. ഇവിടെ സ്നേഹം ഇല്ലായ്മയും, ചേർച്ചയില്ലായ്മയും ആണ് കൃഷിയുടെ നാശത്തിനുകാരണമായത്. കർത്താവു പറഞ്ഞു ഒരു രാജ്യം തന്നിൽ തന്നെ ചിദ്രിച്ചാൽ നിലനിൽപ്പില്ല, ഒരു കുടുംബം തമ്മിൽ തമ്മിൽ, സഹോദരസംഘങ്ങൾ, സുവിശേഷപ്രവർത്തകർ തമ്മിൽ കലഹിച്ചാൽ നിലനിൽപ്പിനെ സ്ഥായിയായി ബാധിക്കുമെന്നർത്ഥം.

മാർട്ടിൻ ലൂഥർകിംഗ് ഇങ്ങനെ പറഞ്ഞു. "We are all come here in different ships, but we are in the same boat now" കപ്പൽ മുങ്ങിയാൽ എല്ലാവരും ഒന്നിച്ചു മുങ്ങും, എന്നാരും മറക്കരുത്. പൗലോസ് മേൽപറഞ്ഞ കൂട്ടുപ്രവർത്തകരോടു ഇങ്ങനെ പറഞ്ഞു. സാക്ഷാൽ ഇണയായുള്ളോരേ "ആംഗ്ലേയഭാഷയിൽ " Loyal Yolk Fellow ഒരു നുകത്തിൻ കീഴിൽ ഒന്നിച്ചു പണിയുന്നവർ എന്നർത്ഥം. അവർ തൊഴുത്തിൽ കുത്ത് നടത്താനല്ല, ക്രിസ്തുവിന്റെ നുകത്തിൻ കീഴിൽ അമർന്നിരുന്നു സുവിശേഷ ചുമടു വഹിക്കാൻ അന്യോന്യം ഇടയാകണം.

ക്രിസ്തു ദൈവദാസനും, ക്രൈസ്തവ കൈരളിയുടെ ഹൃദയങ്ങൾക്ക് ആശ്വാസവും, ആനന്ദവും പകർന്നുതന്ന, ആത്മീയഗീതങ്ങളുടെ ഉടമയും, തന്റെ പ്രയത്നത്തിൽ നിന്നും എന്നേക്കുമായി വിശ്രമത്തിനായി , നിത്യതയിലേക്കു ചേർക്കപ്പെട്ട സഹോദരൻ എം.ഇ. ചെറിയാൻ സാറിന്റെ 'രുത്ത്" എന്ന കവിതയിലെ ഒരു ഭാഗം ഉദ്ധരിച്ചുകൊണ്ട് സമാപ്തികുറിക്കട്ടെ.

പല നാട്ടിൽ പാർത്താലും
പല ഭാഷ ചൊന്നാലും
പല വേല ചെയ്താലും
പലതായാലും ഒരുനാളിൽ
ഒരുനാട്ടിൽ, ഒരു ഭാഷ പേശികൊണ്ടു
ഒരുമിച്ചു പാർക്കേണ്ടവരല്ലയോ
നിങ്ങൾ ഒരുമിച്ചു പോകുവിൻ
ഒരുമിച്ചു പോകുവിൻ
ഒരുമ പോലില്ലൊരു
മഹിമ വേറെ.

ഭക്തന്മാർ രചിച്ച ആത്മീയഗീതത്തിനറെയും, കവിതകളുടെയും അർത്ഥം മനസ്സിലാക്കിപാടുകയും, അവ പ്രായോഗികജീവിതത്തിൽ പകർത്തിയും ഭംഗമില്ലാത്ത ക്രിസ്തീയ ജീവിതവും ശുശ്രൂഷയും നടത്തുവാൻ കർത്തൃശുശ്രൂഷയിൽ ആയിരിക്കുന്നവർക്കും, വിശ്വാസികൾക്കും ഇടയാകട്ടെ എന്നാഗ്രഹിക്കുന്നു. ■

എൻ യേശുവേ എൻ ജീവനെ
നീ മാത്രമാം എന്നാശ്രയം
ഈ ലോകത്തിൻ കഷ്ടങ്ങളിൽ
ഈ ലോകത്തിൻ ദുഃഖങ്ങളിൽ
നീ മാത്രം എന്നാശ്രയം - (2)

രോഗത്തിൽ ഞാൻ ആയിടുമ്പോൾ
രോഗത്തിൽ ഞാൻ ആഴ്ന്നിടുമ്പോൾ
നീ മാത്രം എന്നാശ്രയം - (2)
എൻ ജീവിതം നിൻ ദാനമാം

എൻ ആയുസ്സ് നിൻ ഇഷ്ടമാം
നീ മാത്രം എന്നാശ്രയം - (2)
സന്തോഷമാം എൻ ജീവിതം
നിൻ കൂടെയും എൻ യേശുവേ
നീ മാത്രം എന്നാശ്രയം - (2) ■



ജിസൺ ടോം മാത്യു
മഞ്ഞാടി ബ്രദറൺ അസംബ്ലി

# REVEALING CHRIST

**V.M Abraham, Anjilithanam**

While Jesus Christ was living on the earth people had the privilege of seeing and hearing Him in person. After the crucifixion He appeared himself to a few in the resurrection body and thereafter Christ was seen only by revelation. Apostle Paul says in Gal. 1:15-16 ". ..it pleased God to reveal His Son in me.." Christ was seen in Paul's life because what he practiced in his daily life was the attitude of Christ. Thus he could boldly exhort people "follow my example, as I follow the example of Christ"(ICor. 11:1)

Most of the people of the world admire and revere Christ, though a lesser number own Him as Lord and Saviour. Like the Greeks of old had asked Philip Sir, we would like to see "Jesus"(Jn.12:21) people everywhere today, wish to see Christ. But where is He to be seen? Our ready answer is- *'in heaven at the right hand of the Father'*- true. But the public do not know the where about of heaven nor the Father, much less a Christ there! They expect you and me to show them Jesus. The Lord is in His holy Temple. The body of a believer is the temple of the Holy Spirit. People peep into this temple to see Christ. As disciples of the Lord *'we are His epistle known and read by everybody'*. Every disciple of Jesus Christ is expected to reflect the beauty of Jesus and practice His presence in his life. This is only possible by abiding in Him constantly. The mind or attitude of Christ can be read in Philippians 2.

Humility at its best is seen in Jesus as the Almighty God took the form of a man and submitted to death on a cross which was the lot of the worst criminal. But God raised Him up from the dead and exalted Him far above all. The disciples of Jesus ought to learn humility and obedience from their Master and practice it in their lives so that people may see Christ in them.

Christ loved us while we were sinners, unlovable and enemies of God. *Having loved His own... He loved them to the very end.* Similarly in love we ought to reach out to the poor, neglected, marginalized and suffering people and care for them without expecting a 'thank you' in return. Any service without being prompted by self-giving love is only from the self which cannot reflect Christ. It is the love of Christ people saw in mother Theresa as she walked in the dirty streets of Kolkata and picked up the destitute to care for them.

Attitude of Christ is one of forgiving. The Lord Jesus while condemning sin, freely forgave sinners. If Christ is to be seen in us we must forgive those who offend us. It is common that even believers offend others knowingly or not and put on a mask of smile and shake hands without an iota of repentance and reconciliation. Surely Christ is not revealed in such and when they preach they are only *'clanging cymbals'*. Those of us who take the Great Commission seriously must make every effort to reveal Christ in our lives so that the disciples will be multiplied in a short time.

Perhaps William J. Kirkpatrick had this desire when he composed the following hymn:

*0 to be like Thee, blessed Redeemer, This is my constant longing and prayer; Gladly I'll forfeit all of earth's treasures, Jesus, Thy perfect likeness to wear.*

*0 to be like Thee, full of compassion, Loving, forgiving, tender and kind,*

*Helping the helpless, cheering the fainting, Seeking the wand'ring sinner to find.* ■





# "PROCRASTINATION" A Big Hindrance to Spiritual Growth!



**Evg. Shibu Chacko**
Thiruvalla

Please go through the conversation below:

Dad:Come on John wake up! Its 7.30, get ready for the Worship meeting.

John: Leave me dad, Let me sleep. Dad and Mom, you guys move on, I'll be there. Dad:No,Not at all, Last Sunday you said the same and you skipped the Worship meeting.

John: It's not like that, Last Sunday I had an urgent call from my MD, But today I won't skip ,promise Dad!! Just move on, let me sleep.Just close the door and leave..

Readers, please don't get confused, the above conversation is a usual one which everyone know for sure. This is a serious issue and there must be some room in our mind to think about it. Postponing and Laying of the important things. The one word for these sort of behaviour is "Procrastination". There is phrase saying 'Procrastination is the thief of time'. Time is really precious and time don't wait for anyone. One has to prioritize the things in life. In Proverb 12: 24 Solomon says "The hand of the diligent will rule, but the slack hand will be put to forced labour. Current(Christian) generation failed to give importance to the things that are more valuable .God called or separated us to worship (glorify) him. But most of the believers seldom find time for it.The Bible says whatever you do, do your work heart fully; as for the Lord rather than for men. Because there are rewards awaiting for a child of God. Stalwartson church history never procrastinate spiritual matters in their lives. Whichmeans, the first priority was for God. InMatthew 5:23-24 Jesus said, "Reconcile immediately with your brother". This is another issue which comes under the term Procrastination among the brethren. Same thing is mentioned in Ephesians 4:26 by Apostle Paul. Procrastination is devilish; always people prefer to do the things which are really enjoyable and entertaining. Believers are also having the same attitude. Never postponed the things which are related to God. Time and opportunity will never come back in anyone's life. Many Christians have procrastinated with a thought that, activities related to God will be doing 'later, and that 'later' came and passed by and still have failed to keep the promises that made to The Lord. It is the 'sin of procrastination'."Yet you do not know what your life will be like tomorrow; you are just vapour that appears for a little while and then vanishes away" (James 4:14).So change the mood and stop putting off the things which we ought to do. Let us seek the Kingdome of God first, the rest will come in all its proper place and time. Remember



**റെയ്ച്ചൽ കോശി**
**(എബനേസർ അമ്മച്ചി)**

92 ന്റെ നിറവിലും
പ്രത്യാശയോടും പ്രസന്നതയോടും
ജീവിതസായാഹ്നത്തിലെത്തി
നിൽക്കുന്ന പ്രിയമാതാവ്.
ആഞ്ഞിലിത്താനം ബ്രദറൺ സഭയ്ക്കും
തിരുവല്ല മെഡിക്കൽ മിഷൻ
നേഴ്സിംഗ് കോളേജിനും
ഒരനുഗ്രഹമായി ഇന്നുമിരിക്കുന്നു.





CHRISTIAN MUSIC BAND
For Contact : 9633475154





സ്ഥലപരിമിതിമൂലം നവീകരിച്ച എബനേസർ ഹെന്നൂർ
ബ്രദറൺ ഫെലോഷിപ്പ് ഹാളും വിശ്വാസികളും(ബാംഗ്ലൂർ)



അസംബ്ലി ക്വയർ



ആശംസകളോടെ,
ബ്രദർ ജേക്കബ്ബ് തോമസ്
(ബഥേൽ അംസബ്ലി)




പുതിയതായി പണികഴിപ്പിച്ച രാജ്കോട്ട് ബ്രദറൺ അംസബ്ലി



ഇവാ. ഡേവിഡ് പി. ഐസക്ക്



ബ്രദർ സൈമൺ പയ്യന്നൂർ
വചനം സംസാരിക്കുന്നു.




# Inaugural Programme
of an Emerging
Christian Music Band
at Thiruvalla,
26th Jan.2014






one thing, never procrastinate the opportunity to share the Gospel,to do the good things to those who are in need. “But encourage one another day after day as long as it is still called “Today”, so that none of you will be harden by the deceitfulness of sin”(Heb 3:12-13). Eric Liddell was a Scottish athlete who was famous for 400 meters. He was a Believer and he never participated in any competition on Sundays. In his life he gave importance to his Saviour and he never missed the opportunity to glorify Him. Later he was well known as a missionary even though he grabbed a gold medal in the 1924 Summer Olympics in Parris. 21st century believers are well known procrastinators, they do all the activities which are even less important in their life on Sundays. Go through the verses below:

Numbers 30:2-3, “If a man makes a vow to the Lord, or takes an oath to bind himself with a binding obligation, he shall not violate his word; he shall do according to all that proceeds out of his mouth.” NASB

Deuteronomy 23:21-22, “When you make a vow to the Lord your God, you shall not delay to pay it, for

it would be sin in you, and the Lord your God will surely require it of you.” NASB

Ecclesiastes 5:4-5, “When you make a vow to God, do not be late in paying it, for He takes no delight in fools. Pay what you vow!” NASB

Seek ye first the kingdom of God and His righteousness and all these things shall be added unto you. Give first priority to God almighty and live a meaningful Christian life. God bless you. ■

# മരണത്തെപ്പറ്റി മഹാന്മാരും മതങ്ങളും

1. **ബഞ്ചമിൻ ഫ്രാങ്ക്ളിൻ** : “ഉറക്കം പോലെ മരണവും മനുഷ്യനിൽ നടക്കേണ്ട ഒരു പ്രക്രിയയാണ്. പുതുക്കത്തോടെ നാം പ്രഭാതത്തിൽ എഴുന്നേറ്റുവരും”.
2. **ചങ്ങമ്പുഴ** : “മരണപ്പുഴയിലെ വേലിയേറ്റ-
മൊരിദിനം നമ്മെയും കൊണ്ടുപോകാം
പ്രീയതമാം സർവ്വവും വേർപിരിഞ്ഞിട്ടൊരു
വെറും ശൂന്യത ബാക്കിയാവാം
നിയതിയും നമ്മളും തമ്മിലുള്ള
നിഖില ബന്ധങ്ങളുമറ്റുപോകും”.
3. **പ്ലേറ്റോ** : “ മരണം അവസാനമല്ല ആരംഭം മാത്രം. ആത്മാവ് അതിന്റെ താൽക്കാലിക കൂടാരം പൊളിച്ച് പറന്നുപോകുന്നു.”
4. **വോൾട്ടയർ** : “ഭീരു പേടിച്ച് ഓടുന്നതു വെറുതെയാണ്. മരണം അവന്റെ തൊട്ടുപിന്നാലെയുണ്ട്....”
5. **വില്യം ഷേക്സ്പിയർ** : “ഭീരുക്കൾ അവരുടെ മരണത്തിനു മുമ്പ് നിരവധി പ്രാവശ്യം മരിക്കുന്നു; എന്നാൽ ശൂരൻ ഒരിക്കൽ മാത്രം മരിക്കുന്നു.”
6. **ഭഗവത് ഗീത** : “മുഴിഞ്ഞ വസ്ത്രം മാറി ശുഭ്രവസ്ത്രം ധരിക്കുന്നതുപോലെ മരണത്തോടുകൂടെ ദേഹി ദേഹത്തെ വലിച്ചെറിഞ്ഞ് പുതിയതിനെ പ്രാപിക്കുന്നു”.
7. **ഖുറാൻ** : “നീ എവിടെയിരുന്നാലും ഉന്നതഗോപുരങ്ങളിലായിരുന്നാലും മരണം നിന്നെ കീഴടക്കും.”
8. **ബൈബിൾ** : “പാപത്തിന്റെ ശമ്പളം മരണമത്രേ”. “ ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിക്കപ്പെടും. ഓരോരുത്തനും താന്താന്റെ നിരയിലത്രെ; ആദ്യഫലം ക്രിസ്തു, പിന്നെ ക്രിസ്തുവിലുള്ളവർ അവന്റെ വരവിങ്കൽ...” ■





# പ്രാർത്ഥന ക്രിസ്തു കാണിച്ച മാതൃക



റ്റി.ജി. ബോബൻ, ആസ്ട്രേലിയ

ദൈവവും മനുഷ്യനും തമ്മിലുള്ള സുതാര്യമായ ആശയവിനിമയമാണ് പ്രാർത്ഥന എന്നു പറയുന്നത്. പ്രാർത്ഥനയെക്കുറിച്ച് ഒരു ബുക്ക് എഴുതുന്നതും; വളരെ വാചാലമായി പ്രസംഗിക്കുന്നതും; പ്രഗൽഭമായി തിയറി ക്ലാസ്സുകൾ എടുക്കുന്നതും ഒക്കെ ഫലപ്രദമായി ഒരു പ്രാർത്ഥന കഴിക്കുന്നതിനേക്കാൾ എളുപ്പമാണ്. യഥാർത്ഥമായി ഒരു പ്രാർത്ഥന കഴിക്കുന്നതിലപ്പുറം പ്രാർത്ഥനയ്ക്കുവേണ്ടി ഒരുപാട് കാര്യങ്ങൾ ചെയ്യുവാൻ നമുക്ക് എളുപ്പമാണ്. അതിന്റെ കാരണം, നാം കർത്താവായ യേശുക്രിസ്തുവിനെ നമ്മുടെ പ്രാർത്ഥനയ്ക്ക് മാതൃകയാക്കുന്നില്ല എന്നുള്ളതാണ്. മറിച്ച്, നാം പ്രഗൽഭരെന്ന് അവകാശപ്പെടുന്ന മനുഷ്യരെ അനുകരിക്കുവാൻ ശ്രമിക്കുന്നു എന്നതാണ്. അത് നമ്മുടെ ആത്മപ്രേരണ നഷ്ടമാക്കും. നാം നിരുത്സാഹികളായി തീരും. നമ്മുടെ ലക്ഷ്യബോധം ഇല്ലാതെയാകും. അങ്ങനെ പ്രാർത്ഥനയിലെ പാപ്പരത്വത്തിലേക്ക് നാം മാറ്റപ്പെട്ടുവെന്ന് വരാം.

പ്രാർത്ഥനയില്ലാത്ത ജീവിതങ്ങളായ ക്രിസ്തീയതയിൽ പരാജയപ്പെടുന്നത്. പ്രാർത്ഥനയ്ക്ക് നമ്മൾ സമയം കണ്ടെത്തുന്നില്ല. ഉത്സാഹത്തോടെ പ്രാർത്ഥിക്കുന്നില്ല. നിർബന്ധത്തോടെയോ നിഷ്ഠതയോടെയോ മതിയാകുംവണ്ണം പ്രാർത്ഥിക്കുവാൻ അല്ലെങ്കിൽ ദൈവസന്നിധിയിൽ ഇരിക്കുവാൻ നമുക്ക് സമയമില്ല. ഈ കുറ്റബോധം നമ്മെ ഭരിക്കുമ്പോൾ നമ്മുടെ ലക്ഷ്യം പൂർത്തീകരിക്കുവാൻ നാം പ്രാർത്ഥനയിൽ എളുപ്പവഴികൾ കൊണ്ടുവരാൻ ശ്രമിക്കും. സൂത്രത്തിൽ കഴിക്കുന്ന കൃത്രിമ പ്രാർത്ഥനകളുടെ ജനനം അങ്ങനെയുണ്ടാകുന്നു. അത് വെറും ജല്പനങ്ങളായി ദൈവപ്രീതിക്കുവേണ്ടി പുലമ്പപ്പെട്ടുകൊണ്ടിരിക്കും. അങ്ങനെ പ്രാർത്ഥന ഒരു പ്രകടമായി മാറുന്ന കാഴ്ച നമുക്ക് കാണാം. അത് ഒരുപക്ഷെ മുഴുനീള രാത്രി പ്രാർത്ഥനകളോ, പ്രാർത്ഥനാചങ്ങലകളോ, വലിയ പ്രാർത്ഥനാ കൂട്ടങ്ങളോ ഒക്കെ ആയെന്നുവരാം. പ്രാർത്ഥനയുടെ നീളമോ, ഉയരമോ, നിലവാരമോ ഒന്നുമല്ല കർത്താവിന്റെ ഹൃദയത്തെ സ്പർശിക്കുന്നത്. മത്തായി എഴുതിയ സുവിശേഷം 6-ാം അദ്ധ്യായത്തിൽ പറയുന്നതുപോലെ ഇവയെല്ലാം കപടഭക്തിക്കാരുടെ പ്രാർത്ഥനയായി കർത്താവ് വേർതിരിക്കും. അതിഭാഷണത്താൽ ഉത്തരം കിട്ടും എന്നല്ലോ അവർക്ക് തോന്നുന്നത്.

കർത്താവ് ഇങ്ങനെ പറഞ്ഞു,“നിങ്ങൾക്ക് ആവശ്യമുള്ളത് ഇന്നതെന്ന് നിങ്ങൾ യാചിക്കും മുമ്പെ നിങ്ങളുടെ പിതാവ് അറിയുന്നുവല്ലോ.” (മത്തായി. 6:8) ആയതിനാൽ വളരെ ലളിതമായ പ്രാർത്ഥനയുടെ ആവശ്യമേയുള്ളൂ. കർത്താവ് ഒരിക്കലും തന്റെ ശിഷ്യന്മാരോട് ഒരു വലിയ ആൾക്കൂട്ടത്തെ പ്രാർത്ഥനയ്ക്കായി ഒരുക്കുവാനോ, കൂട്ടിവരുത്തുവാനോ ആവശ്യപ്പെട്ടിട്ടില്ല. മറിച്ച് അവൻ ഇങ്ങനെ പറഞ്ഞു, “നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്ന് വാതിൽ അടച്ച് രഹസ്യത്തിലുള്ള നിന്റെ പിതാവിനോട് പ്രാർത്ഥിക്ക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്ക് പ്രതിഫലം തരും” (മത്തായി.6:6). പ്രാർത്ഥനയ്ക്കുവേണ്ടി നമ്മുടെ കർത്താവ് ഒരു നിയമസംഹിതകളും ശിഷ്യന്മാരെ ഏൽപ്പിച്ചില്ല. ഏകദേശം നാൽപതോളം വാക്കുകളുള്ള ഒരു ലളിതമായ പ്രാർത്ഥനാരൂപം മാത്രമേ അവൻ നൽകിയുള്ളൂ. ഇന്ന് പ്രാർത്ഥന ആർക്കെങ്കിലും പ്രയാസകരമായി തോന്നുന്നുവെങ്കിൽ അത് അവർ അങ്ങനെ ആക്കിത്തീർക്കുന്നതിനാലാണ്. കർത്താവിന്റെ ഹൃദയത്തെ വശീകരിക്കുവാൻ വാചാലതയുടെ ആവശ്യമില്ല. അവന്റെ മുമ്പിൽ ചെറിയവനോ, വലിയവനോ ഇല്ല. എല്ലാവരും അവന് ഒരു പോലെയാണ്. നമ്മിൽ ഒരാൾ അലംകൃതമായ വാക്കുകളാൽ അരമണിക്കൂർ പ്രാർത്ഥിച്ചെന്നുവരാം. മറ്റൊരാൾ വളരെ ചുരുങ്ങിയ വാക്കുകളാൽ പ്രാർത്ഥിച്ചു എന്നും വരാം.

കർത്താവ് പരീശന്റെയും ചുങ്കക്കാരന്റെയും ഉപമ പറയുകയുണ്ടായി. (ലൂക്കോസ്. 18:9-14). മാനുഷിക പരിഗണന കൊടുത്താൽ പരീശന്റെ പ്രാർത്ഥന വളരെ ദൈർഘ്യമേറിയതും വാക്പ്രയോഗങ്ങളാൽ സമ്പുഷ്ടവുമാണ്. എന്നാൽ ചുങ്കക്കാരന്റെ പ്രാർത്ഥന വളരെ ലളിതമായിരുന്നു. “ദൈവമെ, പാപിയായ എന്നോട് കരുണയുണ്ടാകണമെ” എന്ന് അവൻ പ്രാർത്ഥിച്ചു. അവൻ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്ക് പോയി. നമുക്കറിയാം കുരിശിൽ കിടന്ന കള്ളന്റെ പ്രാർത്ഥന, “യേശുവേ നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെയും ഓർത്തുകൊള്ളേണമേ” അവൻ കർത്താവിനോടൊപ്പം പറുദീസയിലേക്ക് പ്രവേശിക്കപ്പെട്ടു. യെരീഹോവിൽ വഴിയരികെ ഇരുന്ന കുരുടന്മാർ യേശു കടന്നുപോയപ്പോൾ ഇങ്ങനെ നിലവിളിച്ചു. “കർത്താവേ ദാവീദ് പുത്രാ, ഞങ്ങളോട കരുണ തോന്നേണമേ”. യേശു മനസ്സലിഞ്ഞ് അവരുടെ കണ്ണു തൊട്ടു. അവർ കാഴ്ച പ്രാപിച്ചു. തടാകത്തിൽ ചുഴലിക്കാറ്റുണ്ടായി പടകിൽ വെള്ളം നിറഞ്ഞ ശിഷ്യന്മാർ പ്രാണഭയത്തിലായപ്പോൾ അവർ ഇങ്ങനെ നിലവിളിച്ചു. “നാഥാ, നാഥാ ഞങ്ങൾ നശിച്ചുപോകുന്നു.” യേശു കാറ്റിനെയും വെള്ളത്തിന്റെ കോപത്തെയും ശാസിച്ചു. വെള്ളത്തിന് മീതെ നടന്ന പത്രോസ് കാറ്റ് കണ്ട് പേടി മുങ്ങിത്തുടങ്ങിയപ്പോൾ അവൻ പ്രാർത്ഥിച്ചു, “കർത്താവേ, എന്നെ രക്ഷിക്കേണമേ” ഈ പ്രാർത്ഥന

കൾക്കെല്ലാം കർത്താവ് മറുപടി നൽകിയതായി നമുക്ക് കാണാം. ഓരോ സാഹചര്യങ്ങളിലും അവർ പ്രാർത്ഥിക്കുമ്പോൾ അവയെല്ലാം അവരുടെ ഹൃദയങ്ങളിൽ നിന്നും ഉയരുന്ന നിലവിളിയായി നമുക്ക് കാണാൻ കഴിയും. ഇവയെല്ലാം വളരെ ലളിതങ്ങളായ പ്രാർത്ഥനകളായിരുന്നു എന്നും നമുക്ക് മനസ്സിലാക്കാം. സങ്കീർണ്ണത ഇല്ലാതെ ലളിതമായ പ്രാർത്ഥനാ ജീവിതം നയിക്കുവാൻ നമുക്ക് സാധിക്കണം.

കർത്താവ് യേശുക്രിസ്തുവിന്റെ ജീവിതത്തിലൂടെ പ്രാർത്ഥനയോടുള്ള ബന്ധത്തിൽ മൂന്ന് സത്യങ്ങൾ നമുക്ക് മനസ്സിലാക്കുവാൻ കഴിയും. അത് നമ്മുടെ ജീവിതത്തിലും നമുക്ക് പ്രാവർത്തികമാക്കുവാൻ ഇടയാവണം.

### 1) പ്രാർത്ഥനയുടെ പ്രാധാന്യം (മർക്കോ. 1:35)

അതികാലത്ത് ഇരുട്ടോടെ അവൻ എഴുന്നേറ്റ് പ്രാർത്ഥിച്ചു. പ്രാർത്ഥനയ്ക്ക് കർത്താവിന്റെ ജീവിതത്തിൽ ഒന്നാംസ്ഥാനം ഉണ്ടായിരുന്നു. നമ്മുടെ കർത്താവിന്റെ ഒരുദിവസം തുടങ്ങുന്നത് അങ്ങനെയായിരുന്നു. എല്ലാ ദിവസങ്ങളിലും അവൻ അങ്ങനെ ചെയ്തു. ഗത്സമനേയിലും അവൻ അത് ആവർത്തിച്ചു. എന്നാൽ നാം പ്രാർത്ഥിക്കുവാൻ ശ്രമിക്കുന്നത് നമുക്ക് ഗത്സമനേയുടെ അനുഭവം വരുമ്പോഴാണ്. പ്രശ്നങ്ങളും പ്രയാസങ്ങളും വരുമ്പോൾ മാത്രം പ്രാർത്ഥിക്കാതെ നമ്മുടെ ഒരു ദിനചര്യമായി പ്രാർത്ഥന മാറണം.

നമുക്ക് ഒരു നല്ല സുഹൃത്ത് ഉണ്ടെന്ന് വിചാരിക്കുക, അല്ലെങ്കിൽ നാം ഒരാളെ സ്നേഹിക്കുന്നു എന്നു കരുതുക. മറ്റുള്ളവരെക്കാൾ നാം ഏറ്റവും കൂടുതൽ സ്നേഹിക്കുന്ന വ്യക്തിയോട് കൂടുതൽ സംസാരിക്കാൻ നാം ശ്രമിക്കും. എപ്പോഴും ആ വ്യക്തിയെ കാണുവാൻ ആഗ്രഹിക്കും. എത്ര സംസാരിച്ചാലും മതിവരാത്ത ഒരു പ്രത്യേക സ്നേഹബന്ധം ആ ആളുമായി നമുക്ക് ഉണ്ടാകും. ഭാര്യാഭർത്താക്കന്മാർ തമ്മിൽ ആ ഒരു ബന്ധം നമുക്ക് കാണാം. ഇവിടെയൊക്കെ നമുക്ക് കാണുവാൻ കഴിയുന്നത് അവർ തമ്മിലുള്ള ബന്ധത്തിന്റെ ആത്മാർത്ഥതയാണ് . പ്രിയ ദൈവമക്കളെ നാം ക്രിസ്തുവിന്റെ മണവാട്ടികളാണ്. ക്രിസ്തു എന്ന നിർമ്മല പുരുഷന് വിവാഹനിശ്ചയം ചെയ്യപ്പെട്ട കന്യകയാണ്. അങ്ങനെയെങ്കിൽ നമ്മുടെ മണവാളനോട് എത്രമാത്രം സംസാരിക്കേണ്ടിയവരാണ് നാം. എപ്പോഴും അവനെ കാണുവാനും സംസാരിക്കുവാനും ആഗ്രഹിക്കേണ്ടിയവരാണ് നാം. അങ്ങനെ ഒരു ആശയവിനിമയം നടക്കുന്നില്ല എങ്കിൽ നാം നമ്മുടെ കർത്താവും നാമും തമ്മിലുള്ള ബന്ധത്തിന്റെ ആഴം അളന്നുനോക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. നമ്മുടെ ബന്ധത്തിൽ ആത്മാർത്ഥമായ സ്നേഹം ഉണ്ടെങ്കിൽ നാം നമ്മുടെ മണവാളനോട് എപ്പോഴും സംസാരിക്കുവാൻ ആഗ്രഹിക്കും. ആ സുതാര്യമായ ആശയവിനിമയമാണ് പ്രാർത്ഥന. നമ്മുടെ കർത്താവും പിതാവും തമ്മിലുള്ള ബന്ധം നമുക്ക് തിരുവചനത്തിൽ കാണുവാൻ കഴിയും. ആ ബന്ധത്തിലുള്ള ആഴമാണ് അവർ തമ്മിലുള്ള സംസാരത്തിന്റെ കാരണം.

അതുകൊണ്ട് നമുക്ക് നമ്മുടെ കർത്താവിനെ ഹൃദയം നിറഞ്ഞ് സ്നേഹിക്കാം. അങ്ങനെ എപ്പോഴും അവനുമായി സംസാരത്തിൽ ഏർപ്പെടാം. ഹൃദയം പകരാം. പ്രാർത്ഥനയുമായി അവന്റെ അരികിൽ ഇരിക്കാം.

### 2) പ്രാർത്ഥനയുടെ സ്വകാര്യത (മർക്കോ. 1:35)

"അവൻ എഴുന്നേറ്റു പുറപ്പെട്ട് ഒരു നിർജ്ജനസ്ഥലത്ത് ചെന്നു പ്രാർത്ഥിച്ചു" നമ്മുടെ കർത്താവ് എപ്പോഴും പ്രാർത്ഥിക്കുവാൻ പോകുന്നത് തനിച്ചാണ്. നിർജ്ജനസ്ഥലത്ത്, മലമുകളിൽ , ഒകു കല്ലേറുദൂരം....ഇങ്ങനെ പല സ്ഥലങ്ങളിലും അവൻ ഒറ്റയ്ക്ക് പ്രാർത്ഥിക്കുന്നത് കാണാം. ഒരിക്കലും അവൻ ഒരു പരസ്യ പ്രാർത്ഥനയോഗം വിളിച്ചു കൂട്ടുന്നതായി വേദപുസ്തകം പറയുന്നില്ല. തന്റെ ശിഷ്യന്മാരോട് രഹസ്യത്തിൽ പ്രാർത്ഥിക്കുവാനാണ് കർത്താവ് കല്പിക്കുന്നത്.

വീണ്ടും നമുക്ക് നമ്മുടെ സുഹൃത്ത്, അല്ലെങ്കിൽ നാം ആത്മാർത്ഥമായി സ്നേഹിക്കുന്ന വ്യക്തിയെക്കുറിച്ച് ചിന്തിക്കാം. നാം സ്നേഹിക്കുന്ന വ്യക്തിയോട് മറ്റുള്ളവർ കാൺകെ പരസ്യമായി സംസാരിക്കുന്നതും, രഹസ്യമായി ആ ആൾമാത്രം ഉള്ളപ്പോൾ സംസാരിക്കുന്നതും തമ്മിൽ വളരെ വ്യത്യാസമുണ്ട്. നാം രഹസ്യത്തിൽ സംസാരിക്കുമ്പോഴുണ്ടാകുന്ന ആത്മാർത്ഥത ഒരുപക്ഷെ പരസ്യമായി സംസാരിക്കുമ്പോൾ ഉണ്ടാകില്ല. നാം പരസ്യമായി സംസാരിക്കുമ്പോൾ നമ്മുടെ സംസാരത്തിൽ പലകാര്യങ്ങളും നാം മറച്ചുവെയ്ക്കും. എന്നാൽ നമ്മുടെ രഹസ്യസംസാരത്തിൽ നാം സ്നേഹിക്കുന്ന ആളുടെ മുമ്പിൽ നമ്മുടെ ഹൃദയം പൂർണ്ണമായി നാം തുറക്കും.

ഈ ഒരു രഹസ്യബന്ധം നാം നമ്മുടെ കർത്താവും തമ്മിൽ ഉണ്ടാകണം. ആ രഹസ്യബന്ധത്തിൽ നമ്മുടെ ഹൃദയം പകരുമ്പോൾ അത് കുറെകൂടി ആഴത്തിൽ സംഭവിച്ചേക്കാം. നമ്മുടെ കർത്താവും പിതാവും തമ്മിൽ ആ ഒരു ബന്ധം ഉണ്ടായിരുന്നു. അതുകൊണ്ട് കർത്താവ് രഹസ്യമായി പ്രാർത്ഥിക്കുവാൻ ഇഷ്ടപ്പെട്ടു. നമുക്ക് അങ്ങനെ ഒരു അനുഭവം ഉണ്ടാകട്ടെ.

### 3) പ്രനാർത്ഥനയുടെ ലക്ഷ്യം (മർക്കോ. 1:38)

37-ാം വാക്യത്തിൽ ശീമോൻ കർത്താവിനോട് ഇങ്ങനെ പറയുന്നു."എല്ലാവരും നിന്നെ അന്വേഷിക്കുന്നു" . അതിന്റെ അർത്ഥം, ഇത്രയും ജനങ്ങൾ ഇവിടെ തടിച്ചുകൂടി നിന്നെ അന്വേഷിക്കുമ്പോൾ അവരുടെ കാര്യങ്ങൾ ചെയ്തു കൊടുക്കാതെ നീ പ്രാർത്ഥിക്കാൻ പോയത് എന്താണ്, എന്നുവരും. കർത്താവിൽ നിന്നും അത്ഭുതങ്ങൾ ലഭിക്കുവാൻ ജനങ്ങൾ കാത്തിരിക്കുകയാണ്. എന്നാൽ അവൻ അവരോട്,"ഞാൻ അടുത്ത ഊരുകളിലും പ്രസംഗിക്കേണ്ടതിന് നാം അവിടേക്ക് പോക; ഇതിന്നായിട്ടല്ലോ ഞാൻ പുറപ്പെട്ടു വന്നിരിക്കുന്നത്", എന്ന് പറഞ്ഞു. ഇവിടെ വ്യക്തമാകുന്നത് കർത്താവ് നിർജ്ജനസ്ഥലത്ത് പിതാവിനോട് സംസാരിച്ചപ്പോൾ പിതാവിൽ നിന്നും ലഭിച്ച മറുപടിയുടെ പ്രതിഫലനമാണ്. കർത്താവിന്റെ ലക്ഷ്യം മറുപടിയുടെ പ്രതിഫലനമാണ്. കർത്താവിന്റെ ലക്ഷ്യം അത്ഭുതങ്ങൾ ചെയ്ക മാത്രമല്ല. മറിച്ച് അടുത്ത ഊരുകളിലും പ്രസംഗിക്കണം എന്നതായിരുന്നു. ദൈവികസത്യങ്ങൾ അറിയാത്ത അടുത്തപ്രദേശങ്ങളിലെ ജനങ്ങളിൽ ആ സത്യങ്ങൾ എത്തിക്കുക എന്നതായിരുന്നു.





പ്രാർത്ഥനയുടെ ലക്ഷ്യം എന്നുപറയുന്നത് ദൈവവുമായി ഒരു ബന്ധം നിലനിർത്തുക, അതോടൊപ്പം ദൈവീക ഇഷ്ടങ്ങൾ നമ്മുടെ ജീവിതത്തിലൂടെ നിറവേറ്റുക എന്നതാണ് കർത്താവ് പ്രാർത്ഥിച്ച രഹസ്യപ്രാർത്ഥനയുടെ അനന്തരഫലം അടുത്ത പ്രദേശങ്ങളിലേക്ക് ദൈവീകശക്തി വ്യാപരിക്കപ്പെട്ടു എന്നതാണ്. ഇതിൽ നിന്നും കർത്താവ് തന്റെ ഇഷ്ടങ്ങൾ പിതാവിനോട് അറിയിക്കുകയായിരുന്നില്ല, അതിലുപരി പിതാവിന്റെ ഇഷ്ടങ്ങൾ നിറവേറ്റുവാൻ വേണ്ടിയുള്ള സമർപ്പണം ചെയ്യുകയാണ് ഉണ്ടായത് എന്നു മനസ്സിലാക്കാം.

ഇനിയും നാം നമ്മുടെ സുഹൃത്ത്, അല്ലെങ്കിൽ സ്നേഹിക്കുന്ന വ്യക്തിയെക്കുറിച്ച് ചിന്തിക്കുക. നാം ആ വ്യക്തിയോട് നമ്മുടെ ഹൃദയത്തിന്റെ രഹസ്യങ്ങൾ പങ്കിടും എന്നുമാത്രമല്ല, ആ വ്യക്തിയുടെ ഇഷ്ടങ്ങൾ ചെയ്തുകൊടുക്കുവാൻ നാം താല്പര്യം കാണിക്കുകയും, അതിനായി എന്തും ചെയ്യാൻ തയ്യാറാവുകയും ചെയ്യും.

അതുപോലെ ഒരു ബന്ധം നാമും നമ്മുടെ കർത്താവും തമ്മിൽ ഉണ്ടാവണം. നമ്മുടെ പ്രാർത്ഥന കർത്താവിന്റെ മുമ്പിൽ കാഴ്ചവെയ്ക്കുന്നതോടൊപ്പം അവിടുത്തെ ഹിതങ്ങൾ നിറവേറ്റപ്പെടുവാൻ നമ്മുടെ ജീവിതം സമർപ്പിക്കുകയും ചെയ്യാം. സുവിശേഷത്തിനുവേണ്ടി പോരാടുന്ന ഒരു ജീവിതം കാഴ്ചവെയ്ക്കുവാൻ നമുക്ക് ഇടയാവണം.

നമുക്ക് പിന്തുടരുവാൻ കർത്താവ് നല്ല ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു. കർത്താവ് ആരോടാണോ കൂടുതൽ സംസാരിച്ചത് (പ്രാർത്ഥനയുടെ പ്രാധാന്യം), ആരോടാണോ കൂടുതൽ രഹസ്യമായി സംസാരിക്കുവാൻ ഇഷ്ടപ്പെട്ടത് (പ്രാർത്ഥനയുടെ സ്വകാര്യത), ആരോടാണോ ആ ആളുടെ ഇഷ്ടങ്ങൾ അറിയുവാൻ സംസാരിച്ചത് (പ്രാർത്ഥനയുടെ ലക്ഷ്യം) ആ ആഴമായ ബന്ധമുള്ള വ്യക്തിത്വം പിതാവായ ദൈവമാണ്. ക്രിസ്ത്യാനികൾ എന്ന നിലയിൽ കർത്താവ് കാണിച്ച ഈ മാതൃക പിൻപറ്റി സുതാര്യമായ ഒരു പ്രാർത്ഥനാജീവിതം നയിക്കുവാൻ നമുക്ക് ശ്രമിക്കാം. ദൈവം അതിന് നമ്മെ സഹായിക്കട്ടെ. ■

# അഭക്തരുടെ അന്ത്യമൊഴികൾ

ക്രിസ്തുവിനെ കൂടാതെയുള്ള മനുഷ്യരുടെ ജീവിതം എത്രമാത്രം അർത്ഥശൂന്യവും പരാജയവുമാണെന്നു ഇവരുടെ അന്ത്യാനുഭവങ്ങൾ വിളിച്ചറിയിക്കുന്നു.

1. **നിരീശ്വരനായ അഡംസൺ** : "ഞാനിപ്പോൾ ഈ മുറിയിൽ പിശാചിനെ കാണുന്നു...."
2. **അലക്സാണ്ടർ ചക്രവർത്തി** : "ഞാൻ മരിച്ചാലുടൻ എന്റെ ശവപ്പെട്ടിയുടെ രണ്ടുവശത്തും ഓരോ ദ്വാരം ഉണ്ടാക്കി എന്റെ രണ്ടു കൈകളും വെളിയിലേക്കിടണം. എന്റെ ദരിദ്രാവസ്ഥ ലോകം കാണട്ടെ....എന്റെ കയ്യിൽ ഒന്നുമില്ലെന്ന് ലോകം അറിയട്ടെ.."
3. **ചാൾസ് എട്ടാമൻ ചക്രവർത്തി** : "എത്ര കൊലപാതകം, എത്ര രക്തച്ചൊരിച്ചിൽ, എത്ര ദുഷ്ട ആലോചനകൾ ഞാൻ നടത്തിയിട്ടുണ്ട്. ഞാൻ ആരാണെന്ന് എനിക്കറിയാം. എല്ലാം നഷ്ടപ്പെട്ടവൻ."
4. **എഡ്വേർഡ് ഗിവ്വൺ** : "ഭൗതികവാദിയായ എഡ്വേർഡ് ഗിവ്വൺ എല്ലാം നഷ്ടമായി. ഒരിക്കലും പരിഹരിക്കാനാകാത്ത നഷ്ടം. എവിടെയും ഇരുട്ട്, കൂരിരുട്ട്" !
6. **നിരീശ്വരനായ ഹോബ്സ** : "നിത്യനാശത്തിനായി വിധിക്കപ്പെട്ടവന്റെ വേദന ഞാൻ അനുഭവിക്കുന്നു. നിത്യതയെപ്പറ്റി ചിന്തിക്കാതിരിപ്പാൻ എനിക്ക് മയക്കുമരുന്നു തരൂ. എന്റെ ആത്മാവ് ഭയങ്കരമായ കൂരിരുട്ടിലേക്ക് എടുത്തുചാടുന്നു.".
7. **ഹ്യൂം** : "ഇപ്പോൾ ഞാൻ തീ ജ്വാലയിലാണേ."
8. **ക്വോ** : ഈ നിരീശ്വരൻ "നരകം നരകം നരകം" എന്ന നിലവിളിയോടെ മരിച്ചു.
9. **ലോർഡ് ബൈറൻ (ബൈറൻ പ്രഭു)** : "എന്റെ നാളുകൾ കൊഴിയാറായ ഇലയാണ്. പുഴുവും വ്രണവും വിലാപവും മാത്രമാണിപ്പോൾ എന്റെ നായാട്ട്".
10. **മീരാഭായ്** : "എനിക്ക് മയക്കുമരുന്നു തരിക. നിത്യത ഞാൻ കാണുന്നു".
11. **മിസ്സ് ആനി** : "പിശാച് എന്നെ നരകത്തിലേക്ക് നയിക്കുന്നു".
12. **നെപ്പോളിയൻ ബോണാപ്പാർട്ട്** :"ഇതാ ഞാൻ സമയത്തിനുമുമ്പെ മരിക്കുന്നു. എന്റെ ശരീരം പുഴുക്കൾക്കിരയാകും. മഹാനായ നെപ്പോളിയന്റെ അന്ത്യമാണിത്. എന്റെ തീവ്രമായ ദുഃഖത്തിനും ദൈവത്തിന്റെ നിത്യരാജ്യത്തിലെ സന്തോഷത്തിനും ഇടയ്ക്കുള്ള അകലം എത്ര അഗാധമാണ്."
13. **ഒലിവർ ക്രോംവെൽ** : "ഓ ! പിശാച് എന്നെ വഞ്ചിച്ചിരിക്കുന്നു; ഞാൻ വഞ്ചിതനായിരിക്കുന്നു".
14. **നിരീശ്വരനായ വാൾട്ടയർ** : നൂറു വർഷത്തിനുള്ളിൽ ബൈബിൾ ഭൂമുഖത്തു കാണുകയില്ല. ഇത് വായിപ്പാൻ ഒരു വിഡ്ഢിയും മുതിരുകയില്ലെന്ന് പറഞ്ഞ ഈയാളുടെ അന്ത്യദിനങ്ങൾ അത്യന്തം പരിഭ്രാന്തി നിറഞ്ഞതായിരുന്നു. "യേശുവേ.... ദൈവമേ.....ഞാനിതാ ദൈവത്താലും മനുഷ്യരാലും കൈവിടപ്പെട്ടവനായി മരിക്കുന്നു". മരണക്കിടക്കിയിൽ തന്നെ ശുശ്രൂഷിച്ച നേഴ്സ് പറഞ്ഞത് "യൂറോപ്പിലെ ധനം മുഴുവൻ എനിക്ക് തരാമെന്ന് പറഞ്ഞാലും ഇനിയും ഒരു നിരീശ്വരന്റെ മരണം കാണാൻ എനിക്കു കഴിയുകയില്ല" എന്നാണ്.

■

# Our Lord Jesus said, "You are the light of the world".



**V.M. Thomas, Ernakulam**

Cherian sir who was a spiritual light to all who were around him extinguished its God-given brightness on 2nd October 1993. It is with great pleasure that the writer is writing these lines about our dear MEC, mingled with admiration.

Born and brought up in a Christian Family in Kerala, he accepted Jesus Christ as Savior and Lord at the age of nine. He started his carrier as a school teacher. After the great K.V.Simon, MEC was one of the most passionate, intelligent, urbane and dedicated evangelists of early brethren circle.

Music and Songs have always been part of the Christian history. It is important that we have a part to play in God's symphony that the music of our soul is more important to Him. If we sing in our hearts the song of joy, we can confront even the most dreaded things and yet have the joy within us. MEC's contribution to the Christian devotional music is remarkable. MEC had special influence on the entire true Christian community in general and Brethren Christians in particular. The work of the Lord's servant was fruitful in the conversion of many and the equipment of several men for Christian service. He managed a Bible school in the city of Madurai. His individual contribution to Christian literature in Malayalam has been numerous and has proved to be helpful to many enthusiastic all over the Globe. In the Pulpit, MEC was by turns amusing, sentimental, witty, confiding and even intimate in addressing his audience. These qualities made MEC not only a very successful preacher but also a talented spiritual campaigner. Secret behind his success was his hard work. His sweet smile was gentle and winning to all. In his writings and hymns he delighted to dwell on the love of God in Christ Jesus and the mutual love that should characterize true followers.

Beyond time and space there arose a star, who reflected the glory of the Lord in the time past. He himself was an evangelist, son of an evangelist, father of an evangelist, father-in- law of an evangelists and spiritual father of many saved individuals. Simplicity and deepness of thought combined together in his orations with undercurrent idea of pomposity. His ability to compose sacred songs based on Holy Scripture was exemplary.

Despite the very distinctive in MEC, he opted for suffering for the Lord, because sufferings constitute one of the basic qualities of a disciple of the Lord Jesus Christ, not even the most devout Christian can escape sufferings. MEC confronted tragedies and disappointment with great self-control, fortitude, austerity and stoicism. He was endowed with uncommon determination. Despite severe criticism for some of his life style, he remained until last hour, a man who stuck unquestionably to his spiritual visions and principles. His integrity was beyond doubt, but his vision of the Lord's filed was unlimited and unreserved. He was of special significance





to the call of Indian Churches, who was at the same time one of the pioneers of the gospel in the country of different religions and languages and cultures. MEC has an open eye to the world of poetry and philosophy of non-Christian surroundings. Because of the similarity of Malayalam language to Tamil, the time-consuming hindrance of grasping to learn was thereby totally eliminated and the conquering march of the gospel could advance quickly.

After over 50 years of undaunting faith in God, MEC had been a source of major influence in the life of believers, creating strong and vigorous people and bringing and spiritual standard to the assemblies.

Remember your leaders, who spoke the word of God to you. Consider the outcome of their way of life and imitate their faith.

Our Lord Jesus is the same Yesterday, and Today and Forever. ■

# ദൈവഭക്തന്മാരുടെ അന്ത്യമൊഴികൾ

ദൈവഭക്തരായ വിശുദ്ധന്മാർ ഏറെ പ്രത്യാശ നിറഞ്ഞവരായാണ്. അവരുടെ നിത്യഭവനത്തിലേക്ക് പോയിട്ടുള്ളത്. അവരിൽ ചിലർ ജീവിതാന്ത്യത്തിൽ പറഞ്ഞ അർത്ഥപൂർണ്ണവും ചിന്തനീയങ്ങളുമായ വചനങ്ങളാണിവിടെ കുറിക്കുന്നത്.

1. **ബ്രൂക്സ്** : "എനിക്കു ഭയമില്ല, ഞാൻ ആരെ വിശ്വസിച്ചുവെന്ന് ഞാൻ അറിയുന്നു."
2. **മിസ്സസ് കാതറിൻ ബൂത്ത്** : "വെള്ളക്കൂമ്പാരങ്ങൾ ഇതാ ഉയർന്നുവരുന്നു. ഞാനും ഉയരുന്നു. മരണത്തെക്കുറിച്ച് വ്യാകുലരാകേണ്ടതില്ല. നല്ലതായി ജീവിക്കുക. മരണവും നല്ലതായിരിക്കും".
3. **ക്രിറ്റീവ്** : "ഓ എന്റെ രഥം വന്നുകഴിഞ്ഞു".
4. **ഡേവിഡ് ലിവിംഗ്സ്റ്റൺ** : "എന്നെ സ്വീകരിച്ച് എന്റെ സേവനത്തെ അംഗീകരിക്കേണമെ. മഹത്വം മുഴുവൻ നീ എടുത്തുകൊള്ളേണമേ."
5. **മെ.ഫ്ളെച്ചർ** : "പുറന്തോടു പൊട്ടിച്ച് കിളിക്കുഞ്ഞ് പുറത്തുവരുവാൻ ആഗ്രഹിക്കുന്നതുപോലെ എന്റെ ആത്മാവ് ആനന്ദനിർവൃതിയിൽ ചെന്നെത്തുവാൻ ആഗ്രഹിക്കുന്നു."
6. **ഹെക്ഹോ** : "ഹാ എത്ര മനോഹരമായിരിക്കുന്നു, സ്വർഗ്ഗം തുറന്നിരിക്കുന്നു."
7. **ഹോളൻഡ്** : "ഹാ ഞാൻ ഈ കാണുന്ന ശോഭ എന്താണ് ? ഞാൻ മരിച്ചശേഷം നിങ്ങൾ ഇതുപറയേണം. എന്റെ ചരമ പ്രസംഗത്തിൽ ഇത് ഉദ്ധരിക്കേണം. ഉച്ചരിച്ചുകൂടാത്ത കാര്യങ്ങളെ ഞാൻ കാണുന്നു. എന്റെ പ്രിയ സ്നേഹിതരെ നിങ്ങൾ എന്നെ വിട്ടുപോകുന്നതിൽ എനിക്ക് ദുഃഖമുണ്ട്."
8. **ജോൺ ആർതർ** : "ഞാൻ വേഗം യേശുവിനോടുകൂടെ ആയിരിക്കും. ഞാൻ സന്തോഷമുള്ളവനായി നിദ്രപ്രാപിച്ചുവെന്ന് മറ്റുള്ളവരോടു പറയുക."
9. **മാർട്ടിൻ ലൂഥർ** : "നിന്റെ കയ്യിൽ ഞാൻ എന്റെ ആത്മാവിനെ ഭരമേൽപ്പിക്കുന്നു".
10. **മൈക്കിൾ ഫാരഡെ** : മരണക്കിടക്കയിൽ, പത്രപ്രവർത്തകർ മരണാനന്തര ജീവിതത്തെപ്പറ്റി താങ്കളുടെ ഊഹമെന്താണെന്ന് ചോദിച്ചു. "ഊഹമല്ല എന്റെ രക്ഷകൻ ജീവിക്കയാൽ ഞാനും ജീവിക്കും എന്നു ഞാൻ ഉറപ്പായി വിശ്വസിക്കുന്നു".
11. **ഡി.എൽ.മൂഡി** : "ഹാ ! ഇന്ന് എന്റെ കിരീടാധാരണ ദിവസമാണ്. ഇതു മരണമെങ്കിൽ എത്ര മധുരമാണ്. ഭൂമി മാറിപ്പോകുന്നു. സ്വർഗ്ഗം തുറന്നിരിക്കുന്നു. എന്റെ അരുമരക്ഷകൻ എന്നെ സ്വീകരിപ്പാൻ ഒരുങ്ങി നിൽക്കുന്നു.
12. **വിക്ടോറിയാരാഞ്ജി** : "മരണക്കിടക്കയിൽ പത്രപ്രവർത്തകർ, രാജ്ഞിയെ ഇനി എവിടെ വെച്ചുകാണാമെന്ന് ചോദിച്ചപ്പോൾ "ദൈവകൃപയാലും യേശുക്രിസ്തുവിന്റെ രക്തത്താലും എന്നെ വീണ്ടെടുത്ത ദൈവത്തിന്റെ പറുദീസയിൽ വച്ച് കാണാമെന്നുള്ള ഉറപ്പ് എനിക്കുണ്ട്."
13. **റിഡ്സൺ ഡാരകോടി** : "കരയുന്ന സ്നേഹിതരിൽ നിന്നും വേർപെട്ടു ഞാൻ സന്തോഷിക്കുന്ന വിശുദ്ധന്മാരോടു ചേരട്ടെ. ദൂതന്മാർ എന്നെ അഭിവാദനം ചെയ്യുന്നു."
14. **സാധുകൊച്ചുകുഞ്ഞ്** : "ഇതാണോ മരണം....മരിക്കുന്നില്ല.. ഞാൻ വിശ്രമിക്കട്ടെ.
15. **വില്യം ക്യേറി** : 'അരിഷ്ടനും സാധുവും നിസ്സാരക്കാരനുമായ ഒരു പുഴു അങ്ങേയുടെ ദയയുള്ള കരങ്ങളിൽ വീഴുന്നു".
16. **വില്യംടിൻഡെയിൽ** : 1536 ഒക്ടോബർ 6 ന് തന്നെ ജീവനോട് ദഹിപ്പിക്കുന്ന ചിതയിൽ നിന്നുകൊണ്ട് അവസാനമായി; "കർത്താവെ ഇംഗ്ലണ്ടിലെ രാജാവിന്റെ കണ്ണുകളെ തുറക്കണേ" എന്നു പ്രാർത്ഥിച്ചു. ■

# പുകയത്തു വച്ച തുരുത്തി

"പുകയത്തു വച്ച തുരുത്തിപോലെ ഞാൻ ആകുന്നു എങ്കിലും നിന്റെ ചട്ടങ്ങളെ മറക്കുന്നില്ല. അടിയന്റെ ജീവ കാലം എന്തുള്ളു ? എന്നെ ഉപദ്രവിക്കുന്നവരോടു നീ എപ്പോൾ ന്യായവിധി നടത്തും" (സങ്കീ.119:83:84)

ഉപയോഗശൂന്യമായ വീഞ്ഞുപാത്രങ്ങൾ (തുരുത്തികൾ) വെയിലുകൊണ്ടും പുകകൊണ്ടും കറുത്തു വിരൂപമായിത്തീരുന്നതുപോലെ ദാവീദിന്റെ മുഖം ദുഃഖം കൊണ്ട് വിരൂപമായി. യിസ്രായേലിന്റെ രാജാവും, മധുരഗായകനും, ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ എന്നു പേര് സിദ്ധിച്ചവനുമായ ഈ ദൈവഭൃത്യനു ഇതുപോലെയുള്ള അനുഭവം ഉണ്ടായെങ്കിൽ, നമ്മിൽ ആരെങ്കിലും ഈ അവസ്ഥയിൽ കൂടി കടന്നുപോയാൽ അതിശയിപ്പാനൊന്നുമില്ല. ദാവീദുപുത്രനായ കർത്താവിനെപ്പറ്റി പ്രവാചകൻ പറഞ്ഞിരിക്കുന്നത്. അവനു രൂപഗുണമില്ല, കോമളത്വമില്ല, കണ്ടാൽ ആഗ്രഹിക്കത്തക്ക സൗന്ദര്യമില്ല. അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും വ്യസനപാത്രമായും രോഗം ശീലിച്ചവനായും ഇരുന്നു. അവനെ കാണുമ്പോൾ മുഖം മറച്ചുകളയത്തക്കവണ്ണം അവൻ നിന്ദിതനായിരുന്നു എന്നത്രെ (യെശ.53:24). അടുത്തതായി പറഞ്ഞിരിക്കുന്നതു, എങ്കിലും ഞാൻ നിന്റെ ചട്ടങ്ങളെ മറക്കുന്നില്ല എന്നത്രെ. നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിനെ സംബന്ധിച്ചും ഈ കാര്യങ്ങൾ യാഥാർത്ഥ്യമായിരുന്നു. നിന്റെ ന്യായപ്രമാണം എന്റെ ഉള്ളിൽ ഇരിക്കുന്നു എന്നത്രെ പ്രവാചകൻ ക്രിസ്തുവിനെക്കുറിച്ചു പറഞ്ഞിരിക്കുന്നത് (സങ്കീ.40:8)

വിശുദ്ധന്മാരുടെ സഹിഷ്ണുത വിശ്വാസജീവിതത്തിന്റെ വിജയത്തിനു അനിവാര്യമാണ്. പ്രതികൂലത്തിന്റെ കാഠിന്യം കൊണ്ടു പുറുമെയുള്ള നിറം മങ്ങിയെങ്കിലും, അവന്റെ ഹൃദയത്തിൽ സംഗ്രഹിച്ചിരിക്കുന്ന വചനങ്ങളെ എടുത്തു മാറ്റുവാൻ ഒരു ശക്തിക്കും കഴിയുമായിരുന്നില്ല. യെരുശലേം പുത്രിമാരെ, ഞാൻ കറുത്തവൾ എങ്കിലും കേദാര്യകൂടാരങ്ങളെപ്പോലെയും ശലോമോന്റെ തിരശീലകളെപ്പോലെയും അഴകുള്ളവൾ ആകുന്നു. എനിക്കു ഇരുൾ നിറം പറ്റിയിരിക്കയാലും ഞാൻ വെയിൽ കൊണ്ടു കറുത്തിരിക്കയാലും എന്നെ തുറിച്ചു നോക്കരുത് എന്നു ശൂലേമി പറയുന്ന വാക്കുകൾ കൂടി ഇതോടു ചേർത്ത് ചിന്തിക്കുക (ഉത്ത.1:5,6). ഞങ്ങളുടെ പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചുപോകുന്നു എങ്കിലും അകമേയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു എന്നത്രെ പൗലോസ് പറയുന്നത്. (2 കൊരി.4:16). സാഹചര്യത്തിന്റെ സമ്മർദ്ദംകൊണ്ടു വിശുദ്ധന്മാർക്കു ദൈവത്തോടുള്ള സഹവാസം നഷ്ടമാകുന്നില്ല. തീ കൊണ്ടു ഉരുകാത്തതും, പുക കൊണ്ട് വിരൂപമാകാത്തതുമായ ഒരു സ്നേഹബന്ധമാണ് നമുക്ക് ദൈവവുമായിട്ടുള്ളത് (റോമ.8:35 - 39). ശരീരത്തിന്റെ സകല അവയവങ്ങളും ബലഹീനമായാലും ദൈവത്തിലുള്ള പ്രത്യാശയ്ക്കു ഭംഗം വരുന്നില്ല (ഇയ്യോ.19:25 - 27; സങ്കീ.73:26). രാജാവു നിർത്തിയ സ്വർണ്ണബിംബത്തെ നമസ്ക്കരിക്കാത്തവരെ എരിയുന്ന തീച്ചൂളയിൽ ഇടമുമെന്ന് ഭീഷണി മുഴക്കിയിട്ടും, ചൂള ഏഴുമടങ്ങു വർദ്ധിപ്പിച്ചിട്ടും, തങ്ങളുടെ വിശ്വാസത്തിലും പ്രതിഷ്ഠയിലും ഉറച്ചു നിൽക്കുവാൻ എബ്രായ ബാലന്മാരെ പ്രേരിപ്പിച്ചതു ഈ പരിജ്ഞാനമായിരുന്നു. ദേഹത്തെ കൊല്ലുവാൻ കഴിയുന്നവനെ നാം ഭയപ്പെടേണ്ടതില്ല. ദേഹത്തെയും ദേഹിയെയും കൊന്നു നരകത്തിൽ നശിപ്പിക്കുവാൻ കഴിയുന്നവരെ ഭയപ്പെടുവിൻ എന്നത്രെ കർത്താവു പഠിപ്പിച്ചത്. പുകയത്തുവെച്ച തുരുത്തിപോലെ നിന്റെ ശരീരം ബലഹീനമായാലും നിന്റെ അന്തരാത്മാവിൽ മാലിന്യം പറ്റാതെ സൂക്ഷിക്കുക. പരിശോധനകൾ നമ്മുടെ അകത്തു മനുഷ്യനു സൗന്ദര്യം വർദ്ധിപ്പിക്കട്ടെ. പുറമെയുള്ള സൗന്ദര്യം നഷ്ടപ്പെട്ടാലും അകമെയുള്ള ദൈവകൃപ നഷ്ടമാകാതിരിക്കട്ടെ.

അന്തരംഗത്തിൽ ആത്മിക അഭിലാഷങ്ങൾക്കു ശക്തി കൂടുമ്പോൾ ജഡത്തിന്റെ അഭിലാഷങ്ങൾ നിർജ്ജീവമാകുന്നു. ഇവ തമ്മിൽ എപ്പോഴും മല്ലയുദ്ധമാണ് (ഗലാ.5:17). മറ്റുള്ളവരോടു പ്രസംഗിച്ചശേഷം സ്വയം കൊള്ളരുതാത്തവനായി തീരുവാൻ പൗലോസ് സ്വന്തശരീരത്തെ ദണ്ഡിപ്പിച്ചു അടിമയാക്കി (1 കൊരി.9:27). ആകയാൽ മോഹങ്ങൾ ജനിക്കുമാറു ജഡത്തിനായി ചിന്തിക്കരുതെന്നു നമുക്കു നിർദ്ദേശം ലഭിച്ചിരിക്കുന്നു (റോമ.3:14).

സങ്കീ.68:2 കാണുക. തീയിങ്കൽ മെഴുകു ഉരുകുന്നതുപോലെ ദുഷ്ടന്മാർ ദൈവസന്നിധിയിൽ നശിച്ചുപോകും. പുകയത്തു വച്ച തുരുത്തിപോലെ വിശുദ്ധന്മാർക്ക് വേദന അനുഭവിക്കേണ്ടിവന്നാലും, പ്രതികൂലത്തിന്റെ പുക അവരുടെ പ്രത്യാശയെ ഹനിപ്പിക്കുന്നില്ല. വാർദ്ധക്യസഹജമായ ബലഹീനത കൊണ്ടു ശരീരത്തിന്റെ പല അവയവങ്ങൾക്കും ക്ഷീണം സംഭവിക്കും. എങ്കിലും അവൻ ആത്മാവിൽ ആരോഗ്യമുള്ളവരായിരിക്കും. യൗവ്വനം കഴുകനെപ്പോലെ പുതുക്കിവരും.(തീത്തോ.2:2; സങ്കീ.103:5).

വിമർശനങ്ങൾ, പീഡനങ്ങൾ, വിവിധ കഷ്ടതകൾ, ദാരിദ്ര്യം, വാർദ്ധക്യം, മരണനിഴലിന്റെ താഴ് വരകൾ, ജഡാഭിലാഷങ്ങളുടെ സ്വാധീനത, തുടങ്ങി ഏതെല്ലാം പ്രതികൂലശക്തികൾ നേരിടേണ്ടിവന്നാലും ലവലേശം പുക ഏൽക്കാതെ പരിപാവനമായും സുരക്ഷിതമായും ഒരു ഭക്തൻ തന്റെ സൽസ്വഭാവം കാത്തുസൂക്ഷിക്കുന്നു. ജീവിതവസ്ത്രം പരിപാവനമായി സൂക്ഷിക്കുന്നവർക്കു വെള്ളയുടുപ്പു സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നു (വെളി.3:4,5).

വെള്ളവും വീഞ്ഞും കൊണ്ടുപോകുവാൻ സാധാരണ ഉപയോഗിക്കാറുള്ള തോൽസഞ്ചിയാണു ഇവിടെ ഉദ്ദേശിക്കുന്നത്. ഉപയോഗം കഴിഞ്ഞശേഷം അവ മുറികൾക്കുള്ളിൽ തൂക്കിയിടുന്ന പതിവുണ്ടായിരുന്നു. പുകയത്തു വച്ച തുരുത്തിയുടെ പുഷ്ടി, ഭംഗി, നിറം ഇവയെല്ലാം നഷ്ടമാകും. അഗ്നിശോധനയിലൂടെ കടന്നുപോകുമ്പോൾ നാം ക്ഷമയോടെ സഹിച്ചാൽ, ദൈവപുത്രനു സദൃശ്യനായ നാലാമത്തവനെ നാം കാണും (ദാനി.3:24,25). പവിഴനിറമുള്ളവനും സുനേത്രനും കോമളരൂപിയും ആയ ദാവീദു (1 ശമു.16:12) ഇതാ പുകയത്തുവച്ച തുരുത്തിപോലെ ആയിത്തീർന്നിരിക്കുന്നു. എങ്കിലും അവൻ ദൈവത്തിന്റെ നിയമങ്ങൾ മറന്നില്ല. ഈ ലോകത്തിന്റെ വീഞ്ഞു കുടിക്കുന്നവൻ സകലനിയമങ്ങളും മറന്നുപോകും (സദൃ.31:5). സ്വർഗ്ഗീയ വീഞ്ഞു കുടിക്കുന്നവർ സ്വർഗ്ഗസ്ഥപിതാവു നൽകിയ ചട്ടങ്ങൾ മറക്കുകയില്ല.

അടിയന്റെ ജീവകാലം എന്തുള്ളു ? എന്നെ ഉപദ്രവിക്കുന്നവരോടു നീ എപ്പോൾ ന്യായവിധി നടത്തും (വാക്യം. 84).

എത്രനാൾ വരെ ഈ ലോകത്തിൽ ജീവിക്കും എന്നറിയുവാനുള്ള ആഗ്രഹം എല്ലാവർക്കുമുണ്ട്. യഹോവേ, എന്റെ അവസാനത്തെയും എന്റെ ആയുസ്സു എത്ര എന്നതിനെയും എന്നെ അറിയിക്കേണമേ എന്നു സങ്കീർത്തനക്കാരൻ ഇതിനു മുമ്പു പ്രാർത്ഥിച്ചതാണ് (സങ്കീ.39:4). ഈ ചോദ്യത്തിനു ശരിയായ ഉത്തരം നൽകുവാൻ പ്രാപ്തിയുള്ള ഒരു പ്രവാചകൻ ഉണ്ടെങ്കിൽ ആയിരങ്ങൾ, പതിനായിരങ്ങൾ അനുദിനവും അദ്ദേഹത്തിനു ചുറ്റും വന്നു കൂടും. എന്നാൽ അത്യുന്നതൻ അക്കാര്യം സാധാരണ ആർക്കും വെളിപ്പെടുത്താറില്ല. സ്വർഗ്ഗസ്ഥപിതാവ് തന്റെ സ്വന്ത അധികാരത്തിൽ വച്ചിട്ടുള്ള കാലങ്ങളെയോ, സമയങ്ങളെയോ അറിയുന്നതു നമുക്കുള്ളതല്ല (പ്രവൃ.1:7). ഏതു നിമിഷം കർത്താവു വന്നാലും എപ്പോൾ നമ്മെ തന്റെ അടുക്കലേക്കു വിളിച്ചാലും നിഷ്കളങ്കരായി തിരുമുമ്പിൽ നിൽക്കത്തക്ക നിലവാരത്തിൽ നാം ജീവിക്കേണ്ടതാകുന്നു.

പുകയത്തു വച്ച തുരുത്തിപോലെ ഇനിയും അധികനാൾ ജീവിക്കുവാൻ എനിക്കു ശക്തിയില്ല. വളരെ വേഗം നീ എന്നെ രക്ഷിച്ചേ മതിയാകു. എന്റെ ആയുസ്സു എത്ര എന്നു നീ ഓർക്കുക. ഈ ചുരുങ്ങിയ ആയുസ്സിൽ ഇതിൽ കൂടുതൽ വ്യഥകൾ സഹിക്കുവാൻ ഞാൻ അപ്രാപ്തനാണ്. കഷ്ടതയുടെ കാഠിന്യം കൂടുമ്പോൾ ആയുസ്സു ദീർഘിക്കുന്നതുപോലെ തോന്നുന്നതു സഹജമാണ്. അകാരണമായും അന്യായമായും തന്റെ ദാസന്മാരെ പീഡിപ്പിക്കുവാൻ നീതിയുള്ള ന്യായാധിപനായ ദൈവം ആഗ്രഹിക്കുന്നില്ല. നിശ്ചയമായും ഇതിനു ഒരു പര്യവസാനം ഉണ്ട്. എന്നാൽ അത് എന്നാണ് എന്നറിയുവാനായി ഒരു അഭിവാഞ്ചയാണ് ഇവിടെ കാണുന്നത്. (2 തെസ്സ. 1:8). എന്നെ ഉപദ്രവിക്കുന്നവരോട് നീ എപ്പോൾ ന്യായവിധി നടത്തും ? എന്നതാണു ഇതോടനുബന്ധിച്ചുള്ള അടുത്ത ചോദ്യം. ദൈവം ഒരു നാളും ദുഷ്ടതയിൽ പ്രസാദിക്കയില്ല. അഹങ്കാരികൾ തിരുമുമ്പിൽ നിൽക്കയുമില്ല. തന്റെ ദാസന്മാരെ ഉപദ്രവിക്കുന്നവരും, നീതിമാനെ പകെക്കുന്നവരും നിശ്ചയമായും ശിക്ഷ അനുഭവിക്കും. എതിരാളികളോടു പ്രതികാരം ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഈ വിഷയത്തിൽ ദൈവത്തിന്റെ കരം അതിവേഗം നീട്ടുവാനായി തന്റെ ദാസൻ ആഗ്രഹിക്കുന്നു. (സദൃ.20:22; റോമ.12:19). വിശുദ്ധ വേദപുസ്തകത്തിന്റെ യാതൊരു പര്യായപദങ്ങളും ഉപയോഗിക്കാത്ത ഒരു വാക്യമാണിത്. ഈ സങ്കീർത്തനത്തിൽ ആദ്യമായിട്ടാണ് ഇങ്ങനെ ഒരു വാക്യം നമ്മുടെ ദൃഷ്ടിയിൽപ്പെടുന്നത്. വിശുദ്ധവേദപുസ്തകം നമുക്ക് വെളിപ്പെടുത്തി തരുന്ന നിരവധി മഹത് സത്യങ്ങൾ ഇവിടെ നിഴലിച്ചുനിൽക്കുന്നു. മനുഷ്യ ജീവിതത്തിന്റെ നിസ്സാരത്വം, വിശുദ്ധന്മാരുടെ കഷ്ടതയുടെ അന്ത്യം, ദുഷ്ടന്മാരുടെ മേൽവരുന്ന ന്യായവിധി തുടങ്ങിയ അടിസ്ഥാനസത്യങ്ങൾ ഇവിടെ നിന്നും ഗ്രഹിക്കാവുന്നതാണ്.

നീതിയെ ഇഷ്ടപ്പെട്ടു ദുഷ്ടതയെ ദ്വേഷിക്കുന്ന ദൈവം ഒരു ന്യായവിധി നടത്തും എന്ന വിഷയത്തിൽ ദാവീദിനു തെല്ലും സംശയമില്ല. എന്നാൽ അതു എപ്പോഴായിരിക്കും എന്ന് അറിയുവാനുള്ള ആഗ്രഹമാണ്. എതിരാളികളോടു പടവെട്ടുവാനുള്ള ആരോഗ്യവും മനോധൈര്യവും ലഭിക്കുവാനുള്ള അപേക്ഷയല്ല ഇത്. വിശുദ്ധന്മാരെ ഉപദ്രവിക്കുന്നവർക്കു ഭയങ്കരമായ ഒരു ന്യായവിധി ഉണ്ടാകും എന്ന യാഥാർത്ഥ്യം ഹാനോക്കു തുടങ്ങിയുള്ള പ്രവാചകന്മാർ പ്രവചിച്ചതാണ് (യൂദ.14). യഹോവയുടെ വ്രതന്മാർ നിമിത്തം കഷ്ടതയുടെ നാളുകൾ ചുരുങ്ങും. (മത്താ.24:22). ദാസന്മാരുടെ കണ്ണു യജമാനന്റെ കയ്യിലേക്കും ദാസിയുടെ കണ്ണു യജമാനത്തിയുടെ കയ്യിലേക്കും എന്നപോലെ ഞങ്ങളുടെ ദൈവമായ യഹോവയിങ്കലേയ്ക്കു, അവൻ ഞങ്ങളോടു കൃപ ചെയ്യുവോളം നോക്കിക്കൊണ്ടിരിക്കുന്നു (സങ്കീ.123:2). ■

*കടപ്പാട്*





## അന്യസംസ്ഥാന തൊഴിലാളികളുടെ ഇടയിലുള്ള പ്രവർത്തനം പായിപ്പാട് പുരോഗമിക്കുന്നു.



തിരുവല്ല മെഡിക്കൽ മിഷൻ ചാപ്പൽ അസംബ്ലിയുടെ സഹകരണത്തോടുകൂടി ഈ പ്രവർത്തനത്തിന്റെ ആരംഭം കുറിച്ചുകൊണ്ട് പായിപ്പാട് വെച്ച് നടത്തപ്പെട്ട സൗജന്യ മെഡിക്കൽ ക്യാമ്പിൽവെച്ച് നടന്ന ആത്മീയശുശ്രൂഷയിൽ താല്പര്യപൂർവ്വം മുന്നോട്ടുവന്ന ഒരു സഹോദരനാണ് ബംഗാളിൽ നിന്നുള്ള അനിമേഷ് ബർമ്മൻ.ഒരു വർഷക്കാലമായി ആഞ്ഞിലിത്താനം ബ്രദറൺ സഭയിൽ താൻ കർത്താവിനെ ആരാധിച്ചുവരുന്നു. സഹോദരന്റെ രക്ഷാനിർണ്ണയം സഭയ്ക്കു ബോദ്ധ്യപ്പെട്ടതിനാൽ മെയ് മാസം 18-ാം തീയതി ആഞ്ഞിലിത്താനം സഭയുടെ ഉത്തരവാദിത്വത്തിൽ സഹോദരന്റെ സ്നാനശുശ്രൂഷ നടത്തുവാൻ ആഗ്രഹിക്കുന്നു. ദൈവമക്കളുടെ പ്രാർത്ഥന ആവശ്യമാണ്. ■

# മനുഷ്യശരീരം

**"ഭയങ്കരവും അതിശയവുമായി നീ എന്നെ സൃഷ്ടിച്ചിരിക്കയാൽ ഞാൻ നിനക്കു സ്തോത്രം ചെയ്യുന്നു" (സങ്കീ.139: 14)**

## മനുഷ്യമസ്തിഷ്ക്കം

മനുഷ്യമസ്തിഷ്കം ലോകത്തിലുള്ള ഏതു വലിയ കമ്പ്യൂട്ടർ സംവിധാനത്തേക്കാളും അത്ഭുതാവഹമാണ്. കമ്പ്യൂട്ടർ പടിപടിയായി വസ്തുതകൾ മനസ്സിലാക്കുന്ന "ഡിജിറ്റൽ" രീതിയും മനുഷ്യമസ്തിഷ്കം കാര്യങ്ങൾ നേരെ ഗ്രഹിക്കുന്ന "അനലോജിക്കൽ " രീതിയുമാണ് അവലംബിച്ചിരിക്കുന്നത്. തലച്ചോറ് അഥവാ ബ്രയിൻ എന്ന് സാധാരണ പറയുന്നത് തലയോട്ടിക്കുള്ളിൽ മടക്കി ഒതുക്കി വച്ചിരിക്കുന്ന ആയിരം കോടിയിലധികം നാഡീകോളങ്ങളും പത്തുകോടിയിൽ അധികം ഇലക്ട്രിക് സർക്യൂട്ടുകളുമുള്ള ഭാഗമാണ്. ദിനേതോറും മനുഷ്യൻ ചിന്തിക്കുന്നതും പറയുന്നതും പ്രവർത്തിക്കുന്നതും അനുഭവിക്കുന്നതുമായ ആയിരമായിരം കാര്യങ്ങളെ മനുഷ്യൻ അറിയാതെ തന്നെ റിക്കാർഡ് ചെയ്തു സൂക്ഷിക്കുന്നു. മനുഷ്യന്റെ ഓർമ്മ എന്ന മഹാത്ഭുതത്തിന്റെ രഹസ്യം ഇതാണ്. ഇതിലുള്ള മനുഷ്യമസ്തിഷ്കം ഒരു ടെലഫോൺ എക്സ്ചേഞ്ച് പോലെയാണ് എന്ന് മനസ്സിലാക്കുന്നതിൽ തെറ്റില്ല. സർക്ക്യൂട്ടുകളെ തലയോട്ടിക്കുള്ളിൽ നിന്നും വെളിയിലെടുത്ത് ഭൂമിയിൽ എവിടെയെങ്കിലും സ്ഥാപിക്കുകയാണെങ്കിൽ അതിന് ചില ഏക്കറോളം സ്ഥലസൗകര്യം ആവശ്യമാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ മനുഷ്യന്റെ ഈ ചെറിയ ബ്രയിൻ സംവിധാനത്തിനു സമാനമായ ഒരു യന്ത്രം നിർമ്മിച്ചാൽ അത് ഉൾക്കൊള്ളുവാൻ നൂറിലധികം നിലകളുള്ള ഒരു പടുകൂറ്റൻ കെട്ടിടം തന്നെ വേണ്ടിവരും. അതു പ്രവർത്തിക്കുവാൻ ഏറ്റവും ശക്തിയേറിയ ഒരു വലിയ ജനറേറ്ററും ആവശ്യമായിവരും. പതിനായിരം കോടി കോശങ്ങളുള്ള ഒരാളിന്റെ തലച്ചോറിലെ വെറും പത്തുലക്ഷം കോശങ്ങൾ മാത്രമേ വാർദ്ധക്യമാകുമ്പോഴേക്കും നശിക്കുകയുള്ളു.

ലോകത്തിലെ ഏറ്റവും വലിയ സൂപ്പർ കമ്പ്യൂട്ടർ ആണ് മനുഷ്യ മസ്തിഷ്കം. മൂന്നുലക്ഷം കോടി വിവരങ്ങൾ ശേഖരിച്ചു സൂക്ഷിക്കുവാനുള്ള കഴിവ് ഇതിനുണ്ട്. നൂറു വർഷം ജീവിക്കുന്ന ഒരാൾ ഓരോ സെക്കന്റിലും പത്തുവിവരങ്ങൾ വീതം ഓർമ്മയിൽ സൂക്ഷിക്കുന്നു എന്നു കരുതുക. നൂറുവർഷം കവിയുമ്പോഴേക്കും തലച്ചോറിന് ഉൾക്കൊള്ളുവാൻ കഴിയുന്ന കഴിവിന്റെ വളരെ ചെറിയ ഒരംശം മാത്രമേ ഉപയോഗപ്പെടുത്തിയിട്ടുള്ളു എന്നതായിരിക്കും ഞെട്ടിപ്പിക്കുന്ന വാസ്തവം.

മനുഷ്യമസ്തിഷ്കത്തിനുള്ള അപാരമായ കഴിവിന്റെ ഒരു ചെറിയ അംശം മാത്രമേ ലോകത്തിലെ ഏറ്റവും വലിയ ബുദ്ധിരാക്ഷസന്മാർ പോലും ഉപയോഗപ്പെടുത്തിയിട്ടുള്ളുവെന്നതാണ് അതിലും വലിയ മഹാത്ഭുതം ! "ഭയങ്കരവും അതിശയവുമായി നീ എന്നെ സൃഷ്ടിച്ചിരിക്കയാൽ ഞാൻ നിനക്കു സ്തോത്രം ചെയ്യുന്നു" (സങ്കീ.139: 14) എന്നുള്ള വേദവാക്യം ആധുനിക കാലഘട്ടത്തിനും അനുയോജ്യം തന്നെ.

## മനുഷ്യഹൃദയം

ചില വർഷങ്ങൾക്കുമുമ്പ് അമേരിക്കൻ മെഡിക്കൽ അസ്സോസിയേഷൻ പ്രസിദ്ധീകരിച്ച് "ഹാർട്ട്കെയർ" എന്ന പുസ്തകത്തിൽ മനുഷ്യഹൃദയത്തിന്റെ ബൃഹത്തായ പ്രവർത്തനക്ഷമതയെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. 60,000 മൈൽ നെറ്റ് വർക്ക് എന്നാണ് മനുഷ്യഹൃദയത്തിന്റെ പ്രവർത്തനശൈലിയെപ്പറ്റി അതിൽ പറഞ്ഞിരിക്കുന്നത്. ഒരു മാതാവിൽ ഗർഭസ്ഥശിശു ഉരുവാകുന്നതുമുതൽ നിറുത്താതെ ജീവിതാന്ത്യം വരെ പ്രവർത്തിക്കുന്ന 350 ഗ്രാമോളം (പ്രായപൂർത്തിയായവർക്ക്) മാത്രം ഭാരവും അവരവരുടെ മുഷ്ടിയോളം മാത്രം വലിപ്പവുമുള്ള മഹത്തായ യന്ത്രമാണ് മനുഷ്യഹൃദയം. ഒരുമിനിട്ടിൽ എഴുപതിൽപരം പ്രാവശ്യം ഇത് സ്പന്ദിക്കുന്നു. ഓരോ സ്പന്ദനത്തിലും ജീവൻ പ്രദാനം ചെയ്യുന്ന കൊഴുത്ത ദ്രാവകമായ ശുദ്ധി ചെയ്ത പ്രാണവായു നിറഞ്ഞ രണ്ടര ഔൺസോളം രക്തത്തെ ഹൃദയത്തിൽ നിന്നും തള്ളി വിടുന്നു. അങ്ങനെ ഒരു മിനിട്ടിൽ 175 ഔൺസും ഒരുദിവസം ദിവസം ഏകദേശം ഏഴു ടണ്ണും ഒരു വർഷം 2556 ടണ്ണും രക്തത്തെ ശരീരത്തിലെ കോടി കോടി കോശങ്ങളിലേക്കു പായിക്കുന്നു. ഒരു മിനിട്ടിൽ 72 പ്രാവശ്യവും ഒരു മണിക്കൂറിൽ 4320 ഉം ഒരു ദിവസം 103680 ഉം ഒരു വർഷം 3,8469,120 ഉം എഴുപതുവയസ്സിനുള്ളിൽ 269 കോടി 29 ലക്ഷത്തിലധികം പ്രാവശ്യവും സ്പന്ദിച്ചിരിക്കും. അതിനാലാണ് മനുഷ്യജീവൻ നിലനിൽക്കുന്നത്. മാത്രമല്ല, മാലിന്യം നിറഞ്ഞ അശുദ്ധരക്തത്തെ ശുദ്ധീകരണ ശാലകളിലൂടെ കടത്തി ശരീരത്തിനാവശ്യമായ ഓക്സിജനും ഹോർമോണുകളും ഇതര പോഷണങ്ങളും കലർത്തി വീണ്ടും ശരീരത്തിൽ അതിനാവശ്യമായ സ്ഥലങ്ങളിൽ എത്തിച്ചുകൊടുക്കുന്ന ഒരു ഇരട്ടപ്പമ്പിന്റെ പ്രവർത്തനസംവിധാനം കൂടെയാണ് മനുഷ്യഹൃദയം. ഒരിക്കലും നിറുത്താതെ നോൺ സ്റ്റോപ്പായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മനുഷ്യഹൃദയം മനുഷ്യൻ ഇന്നയോളം കണ്ടുപിടിച്ചിട്ടുള്ള എല്ലാ യന്ത്രത്തെക്കാളും ശക്തിയേറിയതാണ്. ഭയങ്കരവും അതിശയകരവുമായ ദൈവപ്രവൃത്തി.





## മനുഷ്യനേത്രങ്ങൾ

അതിമനോഹരമായി അഖിലാണ്ഡത്തെ അണിയിച്ചൊരുക്കിയ ദൈവം അതു കണ്ടു ആസ്വദിക്കാനുള്ള കണ്ണുകളെയും മനുഷ്യനെയും നൽകി. ഒൻപതുകോടിയിലധികം മൈലുകൾ വിദൂരതയിൽ സ്ഥിതിചെയ്യുന്ന സൂര്യനെപ്പോലും കാണുവാൻ മനുഷ്യനേത്രങ്ങൾക്ക് കഴിയുന്നുവെന്നത് മഹാത്ഭുതമാണ്.

മനുഷ്യനിർമ്മിതമായ അനേകായിരം ക്യാമറകളുടെ ഒരു നെറ്റുവർക്കിന് സമാനമായ മനുഷ്യനേത്രങ്ങൾ. മനുഷ്യനിർമ്മിത ക്യാമറയുമായി കണ്ണിനെ താരതമ്യപ്പെടുത്താനാവില്ല. കാരണം അത്രമാത്രം സങ്കീർണ്ണത നിറഞ്ഞതാണ് മനുഷ്യനയനങ്ങൾ.

കറുപ്പും വെളുപ്പും തിരിച്ചറിയുന്നതിന് സഹായിക്കുന്ന പതിമൂന്നു കോടിയോളം ചെറിയ ദണ്ഡുക്കളും (റോഡ്സ്) മറ്റു നിറങ്ങൾ തിരിച്ചറിയാൻ സഹായിക്കുന്ന എഴുപതുലക്ഷം രേണുസൂചികളും (കോൺസ്) ഇതിലുണ്ട്. മൂന്നുലക്ഷം നാഡീതന്തുക്കളാൽ ഇതു തലച്ചോറിനോടു ബന്ധിപ്പിച്ചിരിക്കുന്നു. ഒരേ സമയം പതിനഞ്ചുലക്ഷം സന്ദേശങ്ങൾ സ്വീകരിക്കുവാൻ കണ്ണുകൾക്കു കഴിയും. കണ്ണുകളുടെ ഈ കഴിവുകൾ യാന്ത്രികമായി ഉപയോഗിക്കണമെങ്കിൽ രണ്ടുലക്ഷത്തിൽ അധികം ടെലിവിഷൻ പ്രക്ഷേപിണികളും റിസീവുംഗ് സെറ്റുകളും ആവശ്യമായിവരും.

ക്യാമറയിൽ ഉപയോഗിക്കുന്ന ഫിലിമിനെക്കാൾ വളരെ കാര്യക്ഷമമാണ്. കണ്ണിലെ റെറ്റീന. റെറ്റീനയുടെ സഹായത്താൽ പ്രകാശരശ്മികൾ കണ്ണിൽ കിടക്കുന്നു. കോടിക്കണക്കിനു മൃദുലമായ സെല്ലുകളാൽ നിർമ്മിതമാണ് ലോലമായ റെറ്റിന. ഇതിനു കേടുദവിച്ചാൽ കാഴ്ച നഷ്ടപ്പെടും. ഇതിന്റെ സങ്കീർണ്ണമായ പ്രവർത്തനത്താലാണ് വളരെ വർഷം മുമ്പു കണ്ടിട്ടുള്ള ഒരാളെ പെട്ടെന്നു വീണ്ടും കാണുമ്പോൾ തിരിച്ചറിയുവാൻ കഴിയുന്നത്.

## കരൾ

മനുഷ്യശരീരത്തിലെ ഏറ്റവും വലുതും ഭാരമേറിയതുമായ ആന്തരികാവയവമാണ് കരൾ. ഭക്ഷണത്തെ ഊർജ്ജമായും മറ്റും പരിണിമിപ്പിക്കാനാവശ്യമായ ഒരു കൂട്ടം അവയവങ്ങളുടെ വ്യൂഹമാണ് ദഹനേന്ദ്രിയ വ്യവസ്ഥയെന്ന ഡൈജസ്റ്റീവ് സിസ്റ്റം. ഈ ദഹനേന്ദ്രിയ വ്യവസ്ഥയിലെ പ്രധാന അവയവങ്ങളിലൊന്നാണ് കരൾ. ഏതാണ്ട് 500 ൽപരം വ്യത്യസ്ത ധർമങ്ങളാണ് കരൾ ശരീരത്തിനുവേണ്ടി നിറവേറ്റുന്നത്. കൊഴുപ്പിന് ദഹിപ്പിക്കൽ, പോഷകവസ്തുക്കൾ ശേഖരിച്ചു വെക്കൽ, വിഷാംശങ്ങൾ അരിച്ചുമാറ്റൽ തുടങ്ങിയവ അവയിൽ ചിലതുമാത്രം.

കടുംചുവപ്പു കലർന്ന തവിട്ടുനിറത്തുള്ള മൃദുത്വമേറിയ ഈ അവയവത്തിന് 1.6 കിലോഗ്രാം ഭാരം വരും. ശരീരത്തിന്റെ വലതുവശത്ത് വയറിനു മുകളിൽ ഡയഫ്രത്തിനു തൊട്ടുതാഴെയായാണ് കരൾ സ്ഥിതിചെയ്യുന്നത്. ഹെപ്പാറ്റോസൈറ്റ്സ് എന്ന പ്രത്യേക കോശങ്ങളാണ് കരൾ നിർമ്മിക്കപ്പെട്ടിരിക്കുന്നത്. പരസ്പരം കടന്നു, ചേർന്നു നിൽക്കുന്ന രണ്ടുഭാഗങ്ങളായാണ് (ഇടത് വലത്) ഈ അവയവം നിലകൊള്ളുന്നത്.

## വൃക്ക

ശരീരത്തിലെ വിസർജ്ജന വ്യവസ്ഥയിലെ സുപ്രധാന അവയവമാണ് വൃക്ക. ഒരു അരിപ്പപോലെ പ്രവർത്തിച്ച് ശരീരത്തിലെ മാലിന്യം നീക്കം ചെയ്യുകയാണ് വൃക്കകളുടെ പ്രധാന ധർമ്മം. അതിനാൽ ശരീരത്തിലെ അരിപ്പകളെന്നും വൃക്കകൾ അറിയപ്പെടുന്നു. നെഫ്രോണുകൾ എന്നറിയപ്പെടുന്ന നേരിയ രക്തക്കുഴലുകളാണ് വൃക്കകളിലെ അടിസ്ഥാന ഘടകങ്ങൾ. രണ്ടു വൃക്കകളിലായി ഇവ ഏതാണ്ട് 20 ലക്ഷത്തോളം വരും. വൃക്കകളുടെ ധർമ്മം നിർവ്വഹിക്കാൻ ഇവയാണ് സഹായിക്കുന്നത്. വൃക്കകൾ അരിച്ചെടുക്കുന്ന മാലിന്യം മൂത്രത്തിലൂടെയാണ് ശരീരം പുറംതള്ളുന്നത്. ഏതാണ്ട് 600 മില്ലി ലിറ്റർ മുതൽ ഒരു ലിറ്റർ വരെ മൂത്രം ശേഖരിക്കാൻ മൂത്രസഞ്ചിക്ക് ശേഷിയുണ്ട്. എന്നാൽ മൂത്രസഞ്ചിയിൽ 200 മില്ലിലിറ്റർ ആകുമ്പോഴാണ് മൂത്രമൊഴിക്കാൻ തോന്നുന്നത്.

ഒരു ദിവസം ഏതാണ്ട് 150 തവണ ശരീരത്തിലെ മുഴുവൻ രക്തവും വൃക്കകളിൽ ശുദ്ധീകരിക്കപ്പെടുന്നു. വൃക്കകളെക്കുറിച്ചുള്ള പഠനശാഖയാണ് നെഫ്രോളജി. ശരീരത്തിലെ രക്തസമ്മർദ്ദം നിയന്ത്രിക്കുന്ന അയവവും വൃക്ക തന്നെയാണ്.

ഒരു തുമ്മലിലൂടെ പുറത്തുവരുന്ന വായുവിന് 166 കി.മീ / മണിക്കൂർ വേഗമുണ്ട്. ചുമയ്ക്കുമ്പോൾ വായിലൂടെ പുറത്തുവരുന്ന വായുവിന്റെ ശരാശരി വേഗം മണിക്കൂറിൽ 100 കിലോമീറ്ററാണ്. കണ്ണ് അടച്ചുകൊണ്ടുമാത്രമേ തുമ്മാനാവൂ.

ഒരു ടെന്നീസ് ബോൾ ഉള്ളം കൈയ്യിൽ വച്ച് അമർത്തിപ്പിഴിയാൻ എത്ര ശക്തിവേണമോ അത്രയും ശക്തിയിലാണ് ഹൃദയം രക്തം പമ്പ് ചെയ്യുന്നത്. രക്തത്തെ 30 അടി ദൂരേയ്ക്ക് ചീറ്റിക്കാൻ ഈ ശക്തിക്കു കഴിയും.

പ്രായപൂർത്തിയായ ഒരാളുടെ അവയവങ്ങളുടെ ശരാശരി ഭാരം എത്രയാണെന്ന് ഒരു കണക്കിൽ കണ്ടത് ഇങ്ങനെയാണ്. ■

# എഡിഫയറിന്റെ സാരഥികൾ



സഹോ.ജോൺസൺ വി.
ചീഫ് എഡിറ്റർ



സഹോ.ജോഷി ജോസഫ്
മാനേജിംഗ് എഡിറ്റർ



സഹോ.ബോബൻ റ്റി.ജി.
ഓവർസീസ് എഡിറ്റർ



സഹോ.ഷിബു ചാക്കോ
എഡിറ്റർ



സഹോ. ഡേവിഡ് പി.ഐസക്ക്
എഡിറ്റർ



ഡോ. ജോഷി എബ്രഹാം
എഡിറ്റർ

## പൊതുവിജ്ഞാനം

### പരിശോധനാ ഉപകരണങ്ങൾ

| പേര് | പൂർണരൂപം | ഉപയോഗം |
| --- | --- | --- |
| സി.റ്റിസ്കാൻ | കംപ്യൂട്ടറൈസ്ഡ് ടോമോഗ്രഫി സ്കാൻ | പ്രത്യേകതരം X രശ്മികളുപയോഗിച്ച് ആന്തരികാവയവങ്ങളുടെ ചിത്രമെടുക്കാൻ |
| ഇഇജി | ഇലക്ട്രോ എൻസഫലോഗ്രഫി | തലച്ചോറിലെ വൈദ്യുത വ്യതിയാനങ്ങൾ |
| ഇസിജി | ഇലക്ട്രോ കാർഡിയോഗ്രാം | ഹൃദയത്തിന്റെ പ്രവർത്തനം മനസ്സിലാക്കാൻ |
| ആൻജിയോഗ്രാം | കോറോണറി ആൻജിയോഗ്രഫി / | രക്തധമനികളിലെ രക്തപ്രവാഹത്തിന്റെ ആർട്ടിരിയോഗ്രഫി ചിത്രമെടുക്കാൻ |
| ആൻജിയോപ്ലാസ്റ്റി | ബലൂൺ ആൻജിയോപ്ലാസ്റ്റി | രക്തധമനികൾക്കുള്ളിലെ അടുവുകളെ (ബ്ലോക്ക്) ബലൂണിന്റെ സഹായത്താൽ വികസിപ്പിച്ച് അടവുമാറ്റുന്ന ചികിത്സാരീതി വ്യാപകമായി ഉപയോഗിക്കുന്നത് ഹൃദ് രോഗത്തിനാണ്. |
| എക്കോ | എക്കോ കാർഡിയോഗ്രഫി / കാർഡിയാക് എക്കോ | അൾട്രാസൗണ്ട് തരംഗങ്ങളുടെ സഹായത്താൽ ആന്തരികാവയവങ്ങളുടെ വ്യക്തമായ ചിത്രമെടുക്കാനുള്ള സംവിധാനം |
| എം ആർ ഐ | മാഗ്നറ്റിക് റസണൊൻസ് ഇമേജിംങ്ങ് | ശക്തമായ കാന്തികതരംഗങ്ങളുടെ സഹായത്താൽ ആന്തരികാവയങ്ങളുടെ വ്യക്തമായ ചിത്രമെടുക്കാനുള്ള സംവിധാനം |
| പിഇടി (പൊറ്റ് സ്കാൻ) | പോസിടോൺ എമിഗ്രേഷൻ ടോമോഫി | ന്യൂക്ലിയർ സങ്കേതം ഉപയോഗിച്ച് ആന്തിരാക വയവങ്ങളുടെ പ്രവർത്തനരീതിയുടെ 3ഡി ചിത്രം എടുക്കുന്നതിനുള്ള സംവിധാനം |
| യു എസ് എസ് | അൾട്രാസൗണ്ട് സ്കാൻ (അൾട്രാസോണോഗ്രഫി) | കേൾവിക്കതീതമായ ശബ്ദതരംഗങ്ങൾ ഉപയോഗിച്ച് പേശികൾ, ആന്തരികാവയവങ്ങൾ ഗർഭസ്ഥശിശു എന്നിവയുടെ അവസ്ഥ മനസ്സിലാക്കാനുള്ള സംവിധാനം |
| എക്സ് – റേ | എക്സ്റേ ഇമേജിങ്ങ് | എക്സ്റേ രശ്മികളുപയോഗിച്ച് അസ്ഥികളുടെയും ആന്തരികാവയവങ്ങളുടെയും ചിത്രമെടുക്കാനുള്ള സംവിധാനം |

# പേർ വിളിക്കും നേരം കാണും........

സണ്ടേസ്കൂൾ അധ്യാപകനായിരുന്നു ജയിംസ് എം. ബ്ലാക്ക്. ഒരിക്കൽ അദ്ദേഹം തെരുവിലൂടെ നടക്കുമ്പോൾ ഒരു ചെറ്റകുടിലിനു മുമ്പിൽ ഒരു പെൺകുട്ടി ചിന്താധീനയായി ഇരിക്കുന്നതു കണ്ടു. പക്ഷേ ജീവിത ക്ലേശങ്ങൾ മൂലം പ്രായത്തിൽ കവിഞ്ഞ ചിന്താഭാരം അവളുടെ മുഖത്തു പ്രകടമായിരുന്നു.

ജയിംസ് ബ്ലായ്ക്ക് ഒരു നിമിഷം അവളെ നോക്കിനിന്നു. പിന്നെ അടുത്തുചെന്ന് അവൾക്ക് സണ്ടേസ്കൂളിൽ വരുവാൻ താല്പര്യമുണ്ടോ എന്നന്വേഷിച്ചു. അയ്യോ, തീർച്ചയായും. എനിക്കു സണ്ടേസ്കൂളിൽ വരാൻ വലിയ ഇഷ്ടമാണ്. പക്ഷേ..... അവൾ അറിയാതെ അവളുടെ കണ്ണുകൾ നിറഞ്ഞു. അവൾ തന്റെ കീറിപ്പിഞ്ചിയ ഉടുപ്പിലേക്കും ഷൂസിലേക്കും നോക്കി. ബ്ലായ്ക്കിനു കാര്യം മനസ്സിലായി. ദരിദ്രയായ അവൾക്ക് സണ്ടേസ്കൂളിനുവരുവാൻ നല്ല വസ്ത്രമില്ല. ബ്ലായ്ക്ക് അവളെ ആശ്വസിപ്പിച്ചു. അടുത്തദിവസം തന്നെ അദ്ദേഹം അവൾക്ക് പുത്തൻ ഉടുപ്പുകളും ഷൂസും തൊപ്പിയും സമ്മാനിച്ചു. പെൺകുട്ടി ഉത്സാഹഭരിതയായി. മുടങ്ങാതെ സണ്ടേസ്കൂളിൽ അവൾ സംബന്ധിക്കാൻ തുടങ്ങി.

ആഴ്ചകൾ കടന്നുപോയി. അങ്ങനെയിരിക്കെ ഒരു ഞായറാഴ്ച സണ്ടേസ്കൂളിൽ പേർ വിളിച്ചപ്പോൾ അവൾ ഹാജരില്ല. എന്തുപറ്റി ? അന്വേഷിച്ചപ്പോൾ അതീവഗുരുതരമായ നിലയിൽ രോഗം ബാധിച്ച് അവൾ കിടപ്പിലാണ്. ബ്ലായ്ക്ക് ദുഃഖിതനായി. അദ്ദേഹത്തിന്റെ മനസ്സിലൂടെ ഒട്ടേറെ ചിന്തകൾ കടന്നുപോയി. സണ്ടേസ്കൂളിൽ പേർ വിളിക്കുമ്പോൾ അവൾക്ക് ഒരിക്കലും ഇനി ഹാജരാകാൻ കഴിഞ്ഞില്ലെന്നു വരുമോ ?

അദ്ദേഹത്തിന്റെ മനസ്സിൽ ചില വരികൾ തെളിഞ്ഞുവന്നു. പിയാനോയിൽ അത് അതീവ ഹൃദ്യമായ ഒരു ഗാനമായി ഇങ്ങനെ ചിട്ടപ്പെടുത്തി.

**“കർത്തൃകാഹളം യുഗാന്ത്യകാലത്തിൽ ധ്വനിക്കുമ്പോൾ**
**നിത്യമാം പ്രഭാതശോഭിതത്തിൻ നാൾ**
**പാർത്തലേ രക്ഷപ്പെട്ടോമക്കരെ കൂടി ആകാശേ**
**പേർ വിളിക്കും നേരം കാണും എൻ പേരും...”**

ചില ദിവസങ്ങൾക്കുള്ളിൽ ആ പെൺകുഞ്ഞ് തന്റെ പേർ വിളിക്കുമ്പോൾ അവിടെ കാണാനായി നിത്യതയുടെ തീരത്തേക്ക് ചേർക്കപ്പെട്ടു. ആ ഗാനത്തിന്റെ വരികൾ ഇന്നും അനേകർക്കു പ്രചോദനം നൽകുന്നു.

**പാർത്തലത്തിൽ എന്റെ വേലതീർത്തു ജീവിതാന്ത്യത്തിൽ**
**പേർവിളിക്കും നേരം കാണും എൻ പേരും.....**

*സ്നേഹിതാ പേർ വിളിക്കുന്ന നേരത്ത് നിങ്ങളുടെ പേരും അവിടെ കാണുമോ ?*
*(വെളിപ്പാട് 20:15)*